4. അരമീറ്ററിനേക്കാൾ നീളം കുറഞ്ഞ വസ്തുവിനെ (✓) ചെയ്യുക.

(അ) (ആ) (ഇ)  (ഈ)

5. നീളം കൂടിയത് ഏത്? കാരണം പറയുക.

ഞാൻ പഠിച്ചവ

എനിക്ക്,

അടിസ്ഥാന അളവുരീതികളുടെ ആവശ്യകത മനസ്സിലാക്കാൻ സാധിക്കും. ☐

വസ്തുക്കളെ ഒരു മീറ്ററിനേക്കാൾ കൂടുതൽ / കുറവ് എന്ന് മനസ്സിലാക്കാൻ സാധിക്കും. ☐

വസ്തുക്കളെ അരമീറ്ററിനേക്കാൾ കൂടുതൽ / കുറവ് എന്ന് മനസ്സിലാക്കാൻ സാധിക്കും. ☐

വസ്തുക്കളുടെ നീളത്തിന്റെ സ്ഥിരതയെ മനസ്സിലാക്കാൻ സാധിക്കും. ☐

8. ബാക്കി എത്ര?

നമുക്ക് പഠിക്കാമോ

സ്കൂൾ ലൈബ്രറിയിൽ കർണ്ണൻ, റീത്ത, കുമാരി, ഭാനു, പീറ്റർ, അബ്ദു എന്നീ വിദ്യാർഥികൾ ശീർഷകത്തിനനുസൃതമായി തങ്ങൾ തരംതിരിച്ച പുസ്തകങ്ങളെ അവയുടെ യഥാസ്ഥാനങ്ങളിൽ അടുക്കിവയ്ക്കാൻ ആരംഭിച്ചു.

നമുക്ക് പരിശീലിക്കാമോ

	പ	ഒ
ഗണിത പുസ്തകങ്ങളുടെ എണ്ണം		
അടുക്കിവച്ചുകഴിഞ്ഞ ഗണിത പുസ്തകങ്ങളുടെ എണ്ണം		
അടുക്കിവയ്ക്കേണ്ട ഗണിത പുസ്തകങ്ങളുടെ എണ്ണം		

	പ	ഒ
കഥാപുസ്തകങ്ങളുടെ എണ്ണം		
അടുക്കിവച്ചുകഴിഞ്ഞ കഥാപുസ്തകങ്ങളുടെ എണ്ണം		
അടുക്കിവയ്ക്കേണ്ട കഥാപുസ്തകങ്ങളുടെ എണ്ണം		

നമുക്ക് പരിശീലിക്കാമോ

ശാസ്ത്ര പുസ്തകങ്ങളുടെ എണ്ണം

അടുക്കിവച്ചുകഴിഞ്ഞ ശാസ്ത്ര പുസ്തകങ്ങളുടെ എണ്ണം

അടുക്കിവയ്ക്കേണ്ട ശാസ്ത്ര പുസ്തകങ്ങളുടെ എണ്ണം

	പ	ഒ
−		

അടുക്കിവച്ചുകഴിഞ്ഞ ഗണിതപുസ്തകങ്ങളുടെ എണ്ണം

അടുക്കിവച്ചുകഴിഞ്ഞ കഥാപുസ്തകങ്ങളുടെ എണ്ണം

അടുക്കിവച്ചുകഴിഞ്ഞ ശാസ്ത്ര പുസ്തകങ്ങളുടെ എണ്ണം

അടുക്കിവച്ചുകഴിഞ്ഞ പുസ്തകങ്ങളുടെ ആകെ എണ്ണം

	നൂ	പ	ഒ
+			

ആകെ പുസ്തകങ്ങളുടെ എണ്ണം

അടുക്കിവച്ചുകഴിഞ്ഞ പുസ്തകങ്ങളുടെ ആകെ എണ്ണം

അടുക്കിവയ്ക്കേണ്ട പുസ്തകങ്ങളുടെ ആകെ എണ്ണം

	നൂ	പ	ഒ
−			

പര്യവേഷണം ചെയ്തു മനസ്സിലാക്കാമോ

വ്യത്യാസം ഊഹിച്ച് യോജിപ്പിക്കുക.

92-61 67-14 48-12

86-35 50 നെക്കാൾ കൂടുതൽ 50 നെക്കാൾ കുറവ് 63-11

74-20 84-25 99-50

ചെയ്തു നോക്കാമോ

സ്ഥാനമാറ്റമില്ലാതെയുള്ള വ്യവകലനം



അധ്യാപക സഹായി

വിദ്യാർത്ഥികളെ രണ്ടുപേർ ഉൾക്കൊണ്ട ഗ്രൂപ്പുകളായി വിഭജിക്കുക. ഒരു വിദ്യാർത്ഥിയോട് ഒരു നിശ്ചിത എണ്ണത്തിൽ മുത്തുകൾ എടുക്കാൻ ആവശ്യപ്പെടുക. മറ്റൊരു വിദ്യാർത്ഥിയോട് ആദ്യത്തെ വിദ്യാർഥിയുടെ കൈവശമുള്ള മുത്തുകളിൽ നിന്നും കുറച്ച് മുത്തുകൾ ചോദിച്ച് വാങ്ങിക്കാൻ ആവശ്യപ്പെടുക. ആദ്യത്തെ വിദ്യാർത്ഥിയോട് ബാക്കിയുള്ള മുത്തുകളുടെ എണ്ണം എണ്ണിപ്പറയാൻ ആവശ്യപ്പെടുക.

നമുക്ക് പരിശീലിക്കാമോ

കുറച്ച് ഉത്തരം നൽകുക.



	നൂ	പ	ഒ
	1	6	7
−		4	5



	നൂ	പ	ഒ
	1	4	9
−	1	0	2

കുറച്ച് ഉത്തരം നൽകുക.

	നൂ	പ	ഒ
	4	5	7
−			5

	നൂ	പ	ഒ
	8	7	9
−			6

	നൂ	പ	ഒ
	7	6	9
−		2	3

	നൂ	പ	ഒ
	9	4	5
−		3	2

	നൂ	പ	ഒ
	8	6	9
−	2	5	3

	നൂ	പ	ഒ
	6	3	7
−	1	2	4

	നൂ	പ	ഒ
	9	1	5
−	2	0	0

	നൂ	പ	ഒ
	7	9	6
−	3	5	6

നമുക്ക് പഠിക്കാമോ

കുറയ്ക്കുക: 365-178=?

സ്ഥാനമാറ്റത്തോടുകൂടിയുള്ള വ്യവകലനം



	നൂറുകൾ	പത്തുകൾ	ഒന്നുകൾ
	3	6	5
−	1	7	8

ഘട്ടം-1
ഒന്നുകളെ കുറയ്ക്കുക
6 പത്തുകൾ
5 ഒന്നുകളെ
5 പത്തുകളായും
15 ഒന്നുകളായും
സ്ഥാനമാറ്റം ചെയ്യുക.



	നൂറുകൾ	പത്തുകൾ	ഒന്നുകൾ
		5	15
	3	~~6~~	~~5~~
−	1	7	8
			7

ഘട്ടം-2
ഒന്നുകളെ കുറയ്ക്കുക
15 ഒന്നുകൾ
− 8 ഒന്നുകൾ
= 7 ഒന്നുകൾ.



	നൂറുകൾ	പത്തുകൾ	ഒന്നുകൾ
		5	15
	3	~~6~~	~~5~~
−	1	7	8
			7

ഘട്ടം-3
പത്തുകളെ കുറയ്ക്കുക
3 നൂറുകൾ
5 പത്തുകളെ
2 നൂറുകളായും
15 പത്തുകളായും
സ്ഥാനമാറ്റം ചെയ്യുക.



	നൂറുകൾ	പത്തുകൾ	ഒന്നുകൾ
	2	15	15
	~~3~~	~~6~~	~~5~~
−	1	7	8
		8	7

ഘട്ടം-4
പത്തുകളെ കുറയ്ക്കുക.
15 പത്തുകൾ
− 7 പത്തുകൾ
= 8 പത്തുകൾ



	നൂറുകൾ	പത്തുകൾ	ഒന്നുകൾ
	2	15	15
	~~3~~	~~6~~	~~5~~
−	1	7	8
	1	8	7

ഘട്ടം-5
നൂറുകളെ കുറയ്ക്കുക.
2 നൂറുകൾ
− 1 നൂറ്
= 1 നൂറ്

365 - 178 = 187

ചെയ്തു നോക്കാമോ

സ്ഥാനമാറ്റത്തോടുകൂടിയ വ്യവകലനം



അധ്യാപക സഹായി

രണ്ട് വിദ്യാർത്ഥികളെ ക്ഷണിച്ച് ഒരാളോട് കുറച്ച് മുത്തുകൾ എടുക്കാനാവശ്യപ്പെട്ട് മറ്റേയാൾ ആവശ്യപ്പെടുന്ന എണ്ണത്തിനനുസൃതമായി സ്ഥാനമാറ്റം ചെയ്ത് കൊടുക്കാൻ പറയുക. തുടർന്ന് ആദ്യത്തെ വിദ്യാർത്ഥിയോട് ബാക്കിയുള്ള മുത്തുകളുടെ എണ്ണം എണ്ണിപ്പറയാൻ ആവശ്യപ്പെടുക.

നമുക്ക് പരിശീലിക്കാമോ

മുത്തുകൾ ഉപയോഗിച്ച് കുറച്ച് ഉത്തരം കാണുക.

	നൂ	പ	ഒ
	1	8	5
−		9	8

	നൂ	പ	ഒ
	3	3	7
−	2	6	5

	നൂ	പ	ഒ
	8	0	0
−	1	3	6

ബാക്കി തുക കണ്ടുപിടിക്കുക.

നിന്റെ കൈവശമുള്ള തുക	ചെലവഴിച്ച തുക	ബാക്കി തുക
		−

നമുക്ക് പരിശീലിക്കാമോ

കുറച്ച് എഴുതുക.

	നൂ	പ	ഒ
	4	7	3
−			9

	നൂ	പ	ഒ
	6	4	7
−			8

	നൂ	പ	ഒ
	7	6	3
−		7	9

	നൂ	പ	ഒ
	8	9	5
−		7	8

	നൂ	പ	ഒ
	4	5	3
−	1	7	9

	നൂ	പ	ഒ
	6	7	4
−	4	8	6

	നൂ	പ	ഒ
	6	1	4
−	5	7	8

	നൂ	പ	ഒ
	4	0	6
−	2	9	7

	നൂ	പ	ഒ
	3	2	0
−	1	4	5

കുറച്ച്, തെറ്റുകൾ മനസ്സിലാക്കി, അത് തിരുത്തുക.

	5	3	6
−	1	6	8
	4	3	2

	4	3	0
−	2	1	8
	2	2	8

	6	5	4
−	2	3	6
	4	2	8

	8	2	6
−		6	4
	1	8	6

	നൂ	പ	ഒ
	5	3	6
−	1	6	8

	നൂ	പ	ഒ
	4	3	0
−	2	1	8

	നൂ	പ	ഒ
	6	5	4
−	2	3	6

	നൂ	പ	ഒ
	8	2	6
−		6	4

നമുക്ക് പരിശീലിക്കാമോ

താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുക.

1. ഒരു വിദ്യാലയത്തിൽ 567 👧 ഉണ്ട്. അവരിൽ 234 👧 ഉല്ലാസയാത്രയ്ക്ക് പോയി എങ്കിൽ, ഉല്ലാസയാത്രയ്ക്ക് പോകാത്ത 👧 എത്ര പേർ?

	നൂ	പ	ഒ
−			

2. ഒരു കടയിൽ 845🧸 ഉണ്ടായിരുന്നു. അവയിൽ 578 🧸 വിറ്റുപോയി എങ്കിൽ, വിറ്റു പോകാത്ത 🧸 എത്ര?

	നൂ	പ	ഒ
−			

3. ഒരു ലൈബ്രറിയിൽ ഉള്ള 870 📗 നിന്നും 418 📗 വായനക്കാരാൽ എടുക്കപ്പെട്ടു എങ്കിൽ, ബാക്കി 📗 എത്ര?

	നൂ	പ	ഒ
−			

4. അമലയുടെ സമ്പാദ്യം 🐖 ₹900. അതിൽനിന്നും 🐖 ₹562 ചെലവഴിച്ചു എങ്കിൽ, ബാക്കി തുക എത്ര?

	നൂ	പ	ഒ
−			

പര്യവേഷണം ചെയ്ത് മനസ്സിലാക്കാമോ

വിട്ടുപോയ പ്രസ്താവനകൾ പൂരിപ്പിക്കുക.

കൂട്ടൽ പ്രസ്താവനകൾ **കുറയ്ക്കൽ പ്രസ്താവനകൾ**

125 + 150 = 275

275 - 125 = 150

275 - 150 = 125

100 + 80 = 180

180 - 80 = 100

__ - __ = __

190 + 30 = 220

__ - __ = __

__ - __ = __

111 + 112 = 223

__ - __ = __

__ - __ = __

താഴെ തന്നിട്ടുള്ള വഴിക്കണക്കുകൾക്കനുസൃതമായ പ്രസ്താവനക്ക് (✓) ചെയ്യുക.

1. ഒരു പെട്ടിയിൽ 115 പേരക്കകളും 175 ഓറഞ്ചുകളും ഉണ്ടെങ്കിൽ ആ പെട്ടിയിലുള്ള ആകെ പഴങ്ങളുടെ എണ്ണം കണ്ടുപിടിക്കുക.

   അ) 290 + 115 = 175 ആ) 115 + 175 = 290

   ഇ) 290 - 115 = 175 ഈ) 290 - 175 = 115

2. അരുണിന്റെ കൈവശം ₹95 ഉണ്ട്. വാച്ച് വാങ്ങുന്നതിന് അവന് കൂടുതലായി എത്ര രൂപ ആവശ്യമാണ്?

   അ) ₹140 - ₹95 = ₹45 ആ) ₹140 - ₹45 = ₹95

   ഇ) ₹140 - ₹95 = ₹235 ഈ) ₹95 - ₹45 = ₹140

പഠനയാത്ര

1. ഊഹിച്ച് ശരിയായതിനെ (✓) ചെയ്യുക

65-14

☐ 50 നെക്കാൾ കുറവ്

☐ 50 നെക്കാൾ കൂടുതൽ

2. കുറച്ച് എഴുതുക



	നൂ	പ	ഒ
	3	4	5
−	1	0	6

3. കുറച്ച് എഴുതുക.

	നൂ	പ	ഒ
	8	7	0
−	3	9	5

4. കുറച്ച് എഴുതുക
900 – 199

	നൂ	പ	ഒ
−			

5. ഒരു പഴവ്യാപാരിയുടെ കൈവശം 850 മാമ്പഴങ്ങൾ ഉണ്ടായിരുന്നു. അവയിൽ 527 മാമ്പഴങ്ങൾ വിറ്റുപോയി എങ്കിൽ ബാക്കി ഉള്ള മാമ്പഴങ്ങൾ എത്ര?

	നൂ	പ	ഒ
പഴവ്യാപാരിയുടെ കൈവശമുണ്ടായിരുന്ന മാമ്പഴങ്ങളുടെ എണ്ണം			
− വിറ്റുപോയ മാമ്പഴങ്ങളുടെ എണ്ണം			
ബാക്കിയുള്ള മാമ്പഴങ്ങളുടെ എണ്ണം			

ഞാൻ പഠിച്ചവ

എനിക്ക്,

സ്ഥാനമാറ്റം കൂടാതെയുള്ള മൂന്നക്ക സംഖ്യകളുടെ വ്യവകലനം മനസ്സിലാക്കാൻ സാധിക്കും. ☐

സ്ഥാനമാറ്റത്തോടുകൂടിയുള്ള മൂന്നക്ക സംഖ്യകളുടെ വ്യവകലനം മനസ്സിലാക്കാൻ സാധിക്കും. ☐

വ്യവകലനം സംബന്ധിച്ച് വഴിക്കണക്കുകൾക്ക് ഉത്തരം കണ്ടുപിടിക്കാൻ സാധിക്കും. ☐

ഞാൻ ചെയ്യും

താഴെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുക

1. (i) കൂട്ടി എഴുതുക.

	നൂ	പ	ഒ
	4	3	2
+	5	4	7

(ii) കൂട്ടി എഴുതുക.

	നൂ	പ	ഒ
	3	7	8
+	4	2	9

2. ഒരു വിദ്യാലയത്തിൽ 128 വിദ്യാർത്ഥികളും 137 വിദ്യാർഥിനികളും ഉണ്ടായിരുന്നു വെങ്കിൽ വിദ്യാലയത്തിലുള്ള ആകെ വിദ്യാർഥികളുടെ എണ്ണം എത്ര?

	നൂ	പ	ഒ
വിദ്യാർത്ഥികളുടെ എണ്ണം			
വിദ്യാർഥിനികളുടെ എണ്ണം			
+			
വിദ്യാർത്ഥികളുടെ ആകെ എണ്ണം			

3. (i) കുറച്ച് എഴുതുക.

	നൂ	പ	ഒ
	7	8	6
−	4	3	2

(ii) കുറച്ച് എഴുതുക.

	നൂ	പ	ഒ
	9	5	4
−	5	7	8

4. ഒരു ഹാരം 350 പൂക്കൾ ഉപയോഗിച്ച് കോർത്തെടുത്തു. അവയിൽ 109 എണ്ണം റോസാപ്പൂക്കൾ ആണെങ്കിൽ മറ്റുള്ള പൂക്കളുടെ എണ്ണം എത്ര?

	നൂ	പ	ഒ
ഹാരത്തിൽ ഉള്ള പൂക്കളുടെ എണ്ണം			
ഹാരത്തിൽ ഉള്ള റോസാപ്പൂക്കളുടെ എണ്ണം			
−			
മറ്റുള്ള പൂക്കളുടെ എണ്ണം			

5. പ്രസ്താവനകൾ പൂർത്തിയാക്കുക.

170 + 80 = 250

□ - □ = □

□ - □ = □

ഞാൻ പറയും

6. തെറ്റ് കണ്ടുപിടിച്ച് പറയുക.

	നൂ	പ	ഒ
	3	2	7
+	1	7	8
	4	9	15

	നൂ	പ	ഒ
		4	
	4	3	9
+	2	1	5
	6	8	1

	നൂ	പ	ഒ
		1	
	6	4	8
+	2	3	3
	8	7	1

	നൂ	പ	ഒ
	7	1	8
+	9	7	
	16	8	8

7. തെറ്റ് കണ്ടുപിടിച്ച് പറയുക.

	നൂ	പ	ഒ
	5	1	6
−	1	8	9
	4	7	3

	നൂ	പ	ഒ
	6	7	0
−	4	3	5
	2	4	5

	നൂ	പ	ഒ
			13
	7	4	~~3~~
−	5	3	5
	2	1	8

	നൂ	പ	ഒ
		17	
	9	~~7~~	1
−	9	8	
		9	1

പ്രോജക്ട്

8. നിന്റെ സുഹൃത്തുക്കൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണത്തിന്റെ പേര് ചോദിച്ച് പട്ടിക പൂർത്തിയാക്കുക

ഭക്ഷണത്തിന്റെ പേര്	ടാലി മാർക്കുകൾ	സുഹൃത്തുക്കളുടെ എണ്ണം

9. നിങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളുടെ നീളം നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക

അരമീറ്ററിനേക്കാൾ കൂടുതൽ	അരമീറ്ററിനേക്കാൾ കുറവ്

പഠനയാത്ര


1 മുതൽ 999 വരെയുള്ള സംഖ്യകളുടെ വ്യവകലനം
1 മുതൽ 999 വരെയുള്ള സംഖ്യകളുടെ സങ്കലനം
1 മുതൽ 999 വരെയുള്ള സംഖ്യകളുടെ താരതമ്യം
1 മുതൽ 999 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യൽ
മുഖങ്ങൾ, വക്കുകൾ, ശീർഷങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ആകൃതികൾ തരംതിരിക്കൽ

മൂന്നാം ക്ലാസ്

STANDARD THREE

ഘട്ടം – I

TERM – I

ശാസ്ത്രം

SCIENCE

മുഖവുര

തമിഴ്നാട് സർക്കാരിന്റെ സംസ്ഥാന വിദ്യാഭ്യാസ നയം (TNSEP) 2025ന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ശാസ്ത്രത്തിന്റെ പാഠപുസ്തകം രൂപീകരിക്കപ്പെട്ടു. ഈ പാഠപുസ്തകം വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഗവേഷണ രീതിയിൽ പഠനത്തിന് പ്രാധാന്യം നൽകി രൂപീകരിച്ചിരിക്കുന്നു.

ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ചിത്രങ്ങൾ, ജീവിതസാഹചര്യങ്ങൾ മുതലായവയക്കുറിച്ച് ചർച്ച ചെയ്യുന്നതുകൊണ്ട് നിരീക്ഷണം, ചോദ്യം ചോദിക്കൽ, താരതമ്യം, ആവിഷ്കാര കഴിവുകൾ മുതലായ വികസിപ്പിക്കാം.

പ്രവർത്തനങ്ങളിലൂടെ പഠിക്കാം

ലളിതമായ പ്രവർത്തനങ്ങളിലൂടെ നിരീക്ഷണം, സർഗ്ഗാത്മകത, വൈജ്ഞാനിക കഴിവ് ,അളക്കൽ, രേഖപ്പെടുത്തൽ മുതലായ നൈപുണ്യം വർധിപ്പിക്കൽ.

പ്രവർത്തനങ്ങളിലൂടെ പഠിക്കാം.

ലളിതമായ പരീക്ഷണങ്ങളിലൂടെ അനുമാനം, നിരീക്ഷണം കാരണമറിയൽ, നിഗമനങ്ങളിൽ എത്തിച്ചേരൽ മുതലായ നൈപുണ്യങ്ങളെ പ്രോത്സാഹിപ്പിക്കൽ.

പ്രവർത്തന സമയം

വിനോദം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ മുതലായവയിലൂടെ നിരീക്ഷണം, സഹകരണം, ആവിഷ്കാര നൈപുണ്യങ്ങളെ വികസിപ്പിക്കൽ.

ഒന്നാം ഘട്ടത്തിലെ രണ്ട് യൂണിറ്റുകളിലും പുരോഗമന പഠനം (Progressive Learning) എന്നതാണ് പ്രമേയം.

1) എന്റെ സുരക്ഷിതലോകം

- ശരീരത്തിന്റെ വിവിധ ചലനങ്ങളെ തിരിച്ചറിയുക. സന്ധികൾ, ശരീരചലനങ്ങളെ എങ്ങനെ സഹായിക്കുന്നു എന്ന് വിശദീകരിക്കൽ.
- ശരിയായ ശരീര രൂപഘടന നിയമം പാലിക്കുകയും, സ്ഥൂല, സൂക്ഷ്മ ചലനങ്ങളെയും ഏകോപിപ്പിക്കൽ.
- വ്യത്യസ്ത സാഹചര്യങ്ങളിൽ സുരക്ഷിതവും സുരക്ഷിതമല്ലാത്തതുമായ പെരുമാറ്റങ്ങൾ വേർതിരിച്ചറിയൽ.
- സുരക്ഷാ നിയമങ്ങൾ പാലിക്കൽ.

2. ചെറുപ്രാണികൾ

- സാധാരണയായി കാണപ്പെടുന്ന പ്രാണികളെ തിരിച്ചറിയുകയും, അവയുടെ തനതായ സവിശേഷതകളെ മനസ്സിലാക്കൽ.
- സാധാരണ കണ്ടുവരുന്ന പ്രാണികളുടെ ജീവിതചക്രം വിവരിക്കൽ.
- പരിസ്ഥിതിയിൽ പ്രാണികളുടെ പ്രാധാന്യം മനസ്സിലാക്കൽ.

പാഠപുസ്തകത്തിന്റെ പ്രത്യേക ഘടകങ്ങൾ

ദൈനംദിന ജീവിത ബന്ധം

- സന്ദർഭോചിതമായ പഠനം
- ദൈനംദിന ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കൽ
- പാരിസ്ഥിതികവും, സാമൂഹികവുമായ ബോധവൽക്കരണം

21 - ാം നൂറ്റാണ്ടിലെ നൈപുണ്യം

- സൂക്ഷ്മമായ ചിന്ത, സർഗ്ഗാത്മകത, സഹകരണം, ആശയവിനിമയം, പ്രശ്നപരിഹാരം മുതലായ നൈപുണ്യങ്ങൾക്ക് പ്രാധാന്യം നൽകൽ.

സമ്പൂർണ്ണ വികസനം

- മൂല്യങ്ങൾ, ജീവിത നൈപുണ്യം, സാമൂഹിക നൈപുണ്യം, വൈകാരിക വികസനം മുതലായവയ്ക്ക് പ്രാധാന്യം നൽകൽ.
- പ്രവർത്തനങ്ങളിലൂടെ സൂക്ഷ്മവും, സ്ഥൂലവുമായ ശരീരചലനത്തെക്കുറിച്ചുള്ള നൈപുണ്യം വർധിപ്പിക്കൽ.

പഠന സഹായി

- പ്രായത്തിനനുസരിച്ചുള്ള ലളിതമായ ഭാഷാപ്രയോഗം.
- പാഠപുസ്തകവുമായി സംയോജിപ്പിച്ച ഒരു പരിശീലന പുസ്തകം.
- അധ്യാപക സഹായി.
- ഡിജിറ്റൽ ഉറവിടങ്ങളും, ഉപകരണങ്ങളും.

മൂല്യനിർണ്ണയം, പഠന മുന്നേറ്റത്തിന് സഹായിക്കുന്നവ

പഠന യാത്ര

നിരീക്ഷണപരവും, പ്രവർത്തനാടിസ്ഥാനത്തിലും ലളിതമായ ചോദ്യങ്ങളിലൂടെ വിദ്യാർത്ഥികളുടെ ഗ്രാഹ്യ ശേഷി വിലയിരുത്തപ്പെടുന്നു. ഇത് പഠന പുരോഗതിയും, അധികശ്രദ്ധ ആവശ്യമുള്ള മേഖലകളും തിരിച്ചറിയാൻ സഹായിക്കുന്നു.

ഞാൻ പഠിച്ചവ

വിദ്യാർത്ഥികൾ പഠിച്ച പ്രധാന ആശയങ്ങൾ ഓർമ്മിക്കാനും അവയെക്കുറിച്ച് ചിന്തിക്കാനും സഹായി ക്കുന്നു. കൂടാതെ പഠന അവലോകനത്തിനും പ്രചോദനത്തിനും, സഹായകമാകുന്നു

ഞാൻ ചെയ്യും

ലളിതമായ വായ്മൊഴി, വരമൊഴി പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പഠനം പ്രയോഗിക്കാനുള്ള അവസരങ്ങൾ നൽകി വിദ്യാർത്ഥികളുടെ ആത്മവിശ്വാസത്തെയും, സ്വയം പഠനത്തെയും പ്രോത്സാഹിപ്പിക്കുന്നു.

ഈ പാഠപുസ്തകം ശാസ്ത്രത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പഠനം രസകരമാക്കി അർത്ഥം ഉൾക്കൊണ്ട് പഠിക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ളതാണ് . കൂടാതെ വിദ്യാർത്ഥികളുടെ മൂല്യങ്ങളും, നൈപുണ്യങ്ങളും വികസിപ്പിക്കാൻ അവസരം നൽകുന്നതിലൂടെ അത് വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് സഹായകമാകുന്നു. ഇത് വിദ്യാർത്ഥികളെ ഉത്സാഹഭരിതരായ പഠിതാക്കളായും, സമൂഹത്തിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളായും വളർത്തിയെടുക്കാൻ സഹായകരമാകുന്നു.

ഉള്ളടക്കം

യൂണിറ്റ് – 1 എന്റെ സുരക്ഷിതലോകം

ശരീരചലനങ്ങൾ 81

സുരക്ഷിതമായിരിക്കൂ 95

യൂണിറ്റ് – 2 ചെറുപ്രാണികളുടെ ലോകം

അത്ഭുതകരമായ പ്രാണികൾ! 115

e-book

i-book

1 എന്റെ സുരക്ഷിതലോകം

ശരീരചലനങ്ങൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നിങ്ങളുടെ ശരീരം അത്തരം ചലനങ്ങളിൽ പൂർണ്ണമായി ചലിക്കുന്നുണ്ടോ? അതോ ചില ശരീര അവയവങ്ങൾ മാത്രം ചലിക്കുന്നുണ്ടോ?

എല്ലാ ചലനങ്ങളിലും പൂർണ്ണമായും പങ്കെടുക്കുന്നു.

ചെയ്തു പഠിക്കാം

1. നിങ്ങൾ ഓടുമ്പോൾ നിങ്ങളുടെ ശരീരത്തിന് എന്ത് സംഭവിക്കും? (✓) ചെയ്യുക.

എനിക്ക് വിയർക്കും. ☐	എന്റെ കാലുകൾ പ്രവർത്തിക്കും. ☐	എന്റെ ഹൃദയസ്പന്ദനം മനസ്സിലാക്കും. ☐
എന്റെ കൈകൾ പ്രവർത്തിക്കും. ☐	ഞാൻ വേഗത്തിൽ ശ്വസിക്കും. ☐	എനിക്ക് ദാഹിക്കുന്നു എന്ന് മനസ്സിലാക്കും. ☐

ചില ശരീരഭാഗങ്ങൾ ശരീരത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നു. നമുക്ക് അവയെ കാണാൻ കഴിയും. ഉദാ: കാലുകൾ, കൈകൾ, ത്വക്ക്

ചില ശരീരഭാഗങ്ങൾ ശരീരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നു. നമുക്ക് അവയെ കാണാൻ കഴിയില്ല. ഉദാ: ഹൃദയം, ശ്വാസകോശം, തലച്ചോറ്.

അധ്യാപക സഹായി

വിവിധ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളുന്ന ശരീരഭാഗങ്ങളെക്കുറിച്ചും, ആ പ്രവർത്തനങ്ങളിൽ ശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചും വിദ്യാർത്ഥികളോട് ചർച്ച ചെയ്യുക.

2. ഏത് ശരീരാവയവമാണ് സഹായിക്കുന്നത്?

അ) ചലിക്കുന്ന പന്തിനെ കാണുവാൻ		ഇ) പന്ത് എറിയാൻ	
ആ) ഓട്ടത്തിന്റെ എണ്ണം ചോദിക്കാൻ		ഈ) ഓടുന്നതിന്	

സ്ഥൂല ചലനങ്ങൾ

പ്രവർത്തനസമയം

ബലൂണിനെ തട്ടിപ്പറപ്പിക്കുക

ഓട്ടം, നടത്തം, വിനോദം, ചാട്ടം മുതലായ പ്രവൃത്തികൾക്ക് സഹായിക്കുന്നത് സ്ഥൂല ചലനങ്ങളാണ്.

പദ ശേഖരം ഉപയോഗിച്ച് പ്രവൃത്തികളിൽ ഏർപ്പെടുന്ന ശരീരാവയവങ്ങളെ എഴുതുക.

പദശേഖരം കൈകൾ, കാലുകൾ, തോൾ, അരക്കെട്ട്, പാദം, പുറംഭാഗം

സ്ഥൂല ചലനങ്ങൾ	പങ്കെടുക്കുന്ന ശരീര അവയവങ്ങൾ
സൈക്കിൾ ഓടിക്കൽ	
ചാടുക	
വസ്തുവിനെ ഉയർത്തുക	
ഹൈജംബ്	

സൂക്ഷ്മ ചലനങ്ങൾ

പ്രവർത്തന സമയം

നിങ്ങളുടെ മുഖം കൊണ്ട് എന്തൊക്കെ ചലനങ്ങൾ ചെയ്യാൻ കഴിയും?

മുഖം, കൈപ്പത്തി, കൈ വിരലുകൾ കാൽവിരലുകൾ മുതലായ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളെ സൂക്ഷ്മ ചലനങ്ങൾ എന്ന് പറയുന്നു. ഉദാ: എഴുതുക, പുഞ്ചിരിക്കുക, പുരികം ഉയർത്തുക.

പദശേഖരം ഉപയോഗിച്ച് സൂക്ഷ്മ ചലനങ്ങൾ ചെയ്തു കാണിച്ച് അവയുടെ പേരുകൾ എഴുതുക.

പദശേഖരം ഷൂലേസുകൾ കെട്ടൽ, കടലാസ് ഞെരിക്കൽ, കൈകൊട്ടൽ, കടലാസ് കീറൽ, മുത്തുകൾ കോർക്കൽ, പുരികം ഉയർത്തൽ, നിറം നൽകൽ, ബട്ടൺ ഇടൽ.



നിങ്ങളുടെ വിരലുകൾ ഉപയോഗിക്കുന്ന രീതിയിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ശ്രദ്ധിച്ചോ?

ചെയ്തു പഠിക്കാം

1. കടലാസ് പൂമാല

കടലാസിനെ ചതുരാകൃതിയിലുള്ള കഷ്ണങ്ങളാക്കി മുറിക്കുക.

1

ഓരോ കഷ്ണവും മധ്യഭാഗത്ത് പിടിച്ച് നൂൽ കൊണ്ട് കെട്ടുക.

2



3

എല്ലാ കടലാസ് കഷ്ണങ്ങളെയും അതുപോലെ ചെയ്യാം.

ഇപ്പോൾ നമുക്കൊരു പേപ്പർ പൂമാല ലഭിച്ചു.

4

കുട്ടികളോട് ഇത് ഗ്രൂപ്പായി ചെയ്യാൻ ആവശ്യപ്പെടുക. പൂക്കൾ ഉപയോഗിച്ച് വീട്ടിൽ പോയി പൂമാലകൾ ഉണ്ടാക്കാനും ആവശ്യപ്പെടുക.

2. കടലാസ് മനുഷ്യൻ





വ്യത്യസ്ത വലിപ്പത്തിലും, ആകൃതിയിലുമുള്ള കടലാസ് മടക്കി അതിനെ ഒരു കടലാസിൽ ഒട്ടിച്ചുകൊണ്ട് ഒരു കടലാസ് മനുഷ്യനെ സൃഷ്ടിക്കാൻ കുട്ടികളെ സഹായിക്കാം.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഭാരമുള്ള വസ്തുക്കൾ തള്ളാനും, വലിക്കാനും, ഉയർത്താനും ബലം ആവശ്യമാണ്.

താഴെ വീഴാതിരിക്കാൻ സന്തുലിതാവസ്ഥ നമ്മെ സഹായിക്കുന്നു.

ശരീരഭാഗങ്ങൾ ഒരുമിച്ച് പ്രവർത്തിക്കാൻ ഏകോപനം സഹായകമാകുന്നു.

ദീർഘനേരം പ്രവൃത്തികൾ ചെയ്യാൻ സഹിഷ്ണുത സഹായകമാകുന്നു.

പ്രവൃത്തികൾ നിരീക്ഷിച്ച് പദങ്ങളെ യോജിപ്പിക്കുക.

ഏകോപനം | സഹിഷ്ണുത | ബലം | സന്തുലിതാവസ്ഥ

പ്രവർത്തനസമയം

നിങ്ങളുടെ കാൽമുട്ടുകളും, കൈമുട്ടുകളും വളയ്ക്കാതെ ഒരു യാന്ത്രിക മനുഷ്യനെപ്പോലെ നടക്കുക.
പിന്നീട് സാധാരണപോലെ നടക്കുക. നിങ്ങൾ എന്തു വ്യത്യാസമാണ് ഇപ്പോൾ ശ്രദ്ധിച്ചത്?



അധ്യാപക സഹായി

വിദ്യാർത്ഥികളെ യാന്ത്രിക മനുഷ്യനെപ്പോലെ പ്രവൃത്തികളിൽ ഏർപ്പെടാൻ വഴി കാണിക്കാം.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

വിദ്യാർത്ഥികളെ യാന്ത്രിക മനുഷ്യനെപ്പോലെ പ്രവൃത്തികളിൽ ഏർപ്പെടാൻ വഴി കാണിക്കാം.



രണ്ട് അസ്ഥികൾ സംയോജിക്കുന്ന ഭാഗത്തെ സന്ധി എന്ന് പറയപ്പെടുന്നു.

നമ്മുടെ ശരീരത്തിൽ നിരവധി സന്ധികൾ ഉണ്ട്. അവ തോൾ, കഴുത്ത്, മണിബന്ധം, കാൽമുട്ട്, കണങ്കാൽ, അരക്കെട്ട്, പുറംഭാഗം, കൈ, കാൽ വിരലുകൾ മുതലായവയാണ്.

അധ്യാപക സഹായി

അസ്ഥികൾ, പേശികൾ, സന്ധികൾ മുതലായവ സംയോജിച്ച് നമ്മുടെ ശരീരത്തെ പ്രവർത്തിക്കാൻ സഹായി ക്കുന്നു. അസ്ഥികൾ ശരീരത്തിന് സ്ഥിരത നൽകുന്നു വെന്നും അസ്ഥികൾ, പേശികൾ, സന്ധികൾ മുതലായവ നമ്മെ ചലിക്കാനും, വളയാനും സഹായിക്കുന്നു എന്നും വിശദീകരിക്കണം.

പ്രവർത്തന സമയം

താഴെപ്പറയുന്ന സന്ധികൾ ഉപയോഗിച്ച് ഒരു ചലനം ചെയ്തു കാണിക്കുക.

- കാൽമുട്ട്
- കൈമുട്ട്
- തോൽമുട്ട്

എല്ലാം സന്ധികളും ഒരുപോലെ പ്രവർത്തിക്കുന്നുണ്ടോ?

അധ്യാപക സഹായി

വിദ്യാർത്ഥികളോട് ഇതുപോലെ മറ്റു സന്ധികളുടെ ചലനങ്ങളെ ചെയ്തു കാണിക്കാൻ ആവശ്യപ്പെടുക.

ചെയ്തു പഠിക്കാം

1. ഓരോ പ്രവൃത്തിക്കും സഹായിക്കുന്ന സന്ധികളെ വട്ടമിടുക.

തറയിൽ നിന്നും ഒരു പുസ്തകം എടുക്കുന്നത്.	പുസ്തകത്തിന്റെ പേജ് മറിക്കുന്നത്.	പടിക്കെട്ട് കയറുന്നത്.
		

നിങ്ങളുടെ സുഹൃത്തിനോട് ചേർന്ന് കൃത്യത പരിശോധിക്കുക. നിങ്ങൾ രണ്ടുപേരും ഒരേ തരത്തിലുള്ള സന്ധികളെയാണോ രേഖപ്പെടുത്തിയത്?

2. താഴെക്കൊടുത്തിട്ടുള്ള ഈർക്കിൽ ചിത്രങ്ങളെ വരയ്ക്കുക.



നിങ്ങളുടെ ചുറ്റുമുള്ളവർ വസ്തുക്കളെ ചലിപ്പിക്കുന്നത് ശ്രദ്ധിക്കുക. ആ പ്രവൃത്തിക്ക് ഏതൊക്കെ സന്ധികൾ പ്രയോജനപ്പെടുന്നു എന്ന് ചിന്തിക്കുക.

വിദ്യാർത്ഥികളോട് മുകളിൽ പറഞ്ഞ പ്രവൃത്തികൾക്ക് സഹായകമായ സന്ധികളെ കുറിച്ച് ഗ്രൂപ്പായി ചർച്ച ചെയ്യാൻ ആവശ്യപ്പെടുക.

പ്രവർത്തന സമയം

നമ്മുടെ സന്ധികൾ എങ്ങനെ ചലിക്കുന്നു.

തോൾ സന്ധി

- കൈ മുകളിൽ ഉയർത്താം.
- കൈ താഴ്ത്താം.
- കൈ വശങ്ങളിൽ നീട്ടാം.

ഇടുപ്പെല്ല് സന്ധി

- കാൽമുകളിൽ ഉയർത്താം
- കാൽ താഴ്ത്താം
- കാൽ വശങ്ങളിൽ നീട്ടാം

കാൽ, പുറംഭാഗം, മണിബന്ധം, കണങ്കാൽ മുതലായവ ഉപയോഗിച്ച് ആ പ്രവൃത്തികൾ ചെയ്തു കാണിക്കുക.

കൈമുട്ട് സന്ധി

- കൈമുട്ട് മടക്കാം
- കൈമുട്ട് നേരെ നീട്ടാം
- കാൽമുട്ട് മടക്കാംകാൽമുട്ട് നേരെ നീട്ടാം

കാൽമുട്ട് സന്ധി



അധ്യാപക സഹായി

വിദ്യാർത്ഥികളെ മുകളിൽ പറഞ്ഞ പ്രവൃത്തികൾ ചെയ്യാൻ ആവശ്യപ്പെട്ട് സന്ധികളുടെ ചലനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.

- നമുക്ക് കഴുത്ത്, തോൾ, കണങ്കാലുകൾ മണിബന്ധം, ഇടുപ്പെല്ല് മുതുക് എന്നിവയെ ചലിപ്പിക്കാനും പിന്നിലേക്കും മുകളിലേക്കും, താഴേക്കും, വശങ്ങളിലേക്കും, ചലിപ്പിക്കുവാനും കഴിയും.
- നമുക്ക് കാൽമുട്ടുകളും, കൈമുട്ടുകളും മടക്കാനും നീട്ടാനും കഴിയും.

ചെയ്തു പഠിക്കാം

1. ഓരോ സന്ധിയും എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് എഴുതുക.

പദശേഖരം ഇടുപ്പെല്ല്, കഴുത്ത്, തോൾ, മുതുക് കാൽമുട്ട്, മണിബന്ധം, കണങ്കാൽ, കൈമുട്ട്

ചലനങ്ങൾ	സന്ധികൾ
മുകളിലേക്കും, താഴേക്കും വശങ്ങളിലേക്കും, ചുറ്റും	കഴുത്ത് _____ _____ _____ _____ _____
മടക്കുക നീട്ടുക	_____ _____

മുതുക്

2. **സന്ധികളുടെ പേര് എഴുതുക.**

നിങ്ങളുടെ ചൂണ്ടുവിരൽ നീട്ടി ചുറ്റിച്ച ശേഷം മടക്കി നോക്കുക. ഈ രണ്ട് ചലനങ്ങളും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങൾ ഉണ്ടോ?

ശരിയായ രൂപഘടന

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നിൽക്കുക



✗ ✓

നടക്കുക



✓ ✗

ഇരിക്കുക



✓ ✗

ഭാരം ഉയർത്തുക



✓ ✗

ശരിയായ രൂപഘടനയിൽ പ്രവർത്തിച്ചാൽ നമ്മുടെ ശരീരം നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഇത് നമ്മെ എളുപ്പത്തിൽ ഇരിക്കാനും, നിൽക്കാനും, പ്രവർത്തിക്കാനും സഹായകരമാകുന്നു.

ഇത് നമ്മുടെ സന്ധികൾ ശരിയായി പ്രവർത്തിക്കാൻ സഹായിക്കുന്നു.

ശരിയായ രൂപഘടനയ്ക്ക് (✓) എന്നും, തെറ്റായ രൂപഘടനയ്ക്ക് (✗) എന്നും അടയാളപ്പെടുത്തുക.

☐ ☐ ☐ ☐ ☐

പഠനയാത്ര

1. താഴെപ്പറയുന്ന പ്രവൃത്തികളെ ചെയ്യാൻ സഹായിക്കുന്ന സന്ധികളേവ?

2. ഓരോ പ്രവൃത്തിക്കും സ്ഥൂല ചലനം അല്ലെങ്കിൽ സൂക്ഷ്മ ചലനം എന്നെഴുതുക.

3. പ്രവൃത്തികളിൽ സഹായകമാകുന്ന സന്ധികളുടെ പേര് എഴുതുക.

പ്രവൃത്തികൾ	സന്ധികൾ
ചൂലുകൊണ്ട് വൃത്തിയാക്കുന്നത്	
പാത്രം കഴുകുന്നത്	
ഫാനിന്റെ ബട്ടൺ അമർത്തുന്നത്	

4. ചിത്രത്തിൽ താഴെപ്പറയുന്ന സന്ധികളുടെ പേരുകൾ രേഖപ്പെടുത്തുക.

കാൽമുട്ട് ,കൈമുട്ട്, തോൾ, മണി ബന്ധം,
കഴുത്ത്, ഇടുപ്പെല്ല്, കണങ്കാൽ

5. തറയിൽ നിന്നും ചാക്കിനെ കൃത്യമായി ഉയർത്തുന്ന രീതി ചെയ്തു കാണിക്കുക.

ഞാൻ പഠിച്ചവ

- സ്ഥൂല ,സൂക്ഷ്മ ചലനങ്ങളെ തിരിച്ചറിയും
- എന്റെ ശരീരത്തിലുള്ള പല സന്ധികളുടെ പേരുകൾ പറയും.
- പലവിധത്തിലുള്ള സന്ധികളുടെ പ്രവർത്തനങ്ങൾ തിരിച്ചറിയും.
- ശരിയായ രൂപഘടനയുടെ രീതികളെ അനുസരിക്കും.

സുരക്ഷിതമായിരിക്കൂ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഞാൻ എങ്ങനെയാണ് സുരക്ഷിതമായിരിക്കുന്നത്?

പ്രദർശനമേളയിൽ ഗോപികയും, അവളുടെ അമ്മയും.....

പ്രവർത്തനസമയം

സുരക്ഷാ നടപടികൾ

ഇവിടെ ആരംഭിക്കാം

കരഞ്ഞുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടരുത് ഒരേ സ്ഥലത്ത് തന്നെ നിൽക്കൂ.

പോലീസ് ഉദ്യോഗസ്ഥൻ സമീപത്തുണ്ടോ എന്ന് പരിശോധിക്കുക.

ഉണ്ടെങ്കിൽ

ഇല്ലെങ്കിൽ

നിങ്ങളുടെ സമീപത്തുള്ള മുതിർന്നവരെ സമീപിക്കുക.

മാതാപിതാക്കളുടെ / രക്ഷകർത്താവിന്റെ ഫോൺ നമ്പർ ഓർമ്മിക്കുക.

ഉണ്ടെങ്കിൽ

ഇല്ലെങ്കിൽ

നിങ്ങളുടെ മാതാപിതാക്കളെ വിളിക്കാൻ മുതിർന്നവരോട് ആവശ്യപ്പെടുക.

അവർ ഫോൺ എടുത്താൽ

ഇല്ലെങ്കിൽ

1098 / 14417 എന്ന് ഹെൽപ്പ് ലൈൻ നമ്പറിൽ വിളിക്കാൻ അവരോട് ആവശ്യപ്പെടുക.

നീ എവിടെയാണെന്ന് നിന്റെ മാതാപിതാക്കളുടെ വിവരം പറയണം.

- സുരക്ഷാ നടപടിക്രമങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് അഭിനയിപ്പിച്ച് സുരക്ഷാ നടപടി രീതികളെക്കുറിച്ച് ബോധവാന്മാരാക്കുക.
- 1098/14417 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ തമാശക്കായി ഫോൺ വിളിക്കാൻ പാടില്ല എന്ന് ഊന്നിപ്പറയുക.

നാം ജാഗരൂകരായിരിക്കേണ്ട സ്ഥലങ്ങൾ

കടൽത്തീരം

റെയിൽവേ സ്റ്റേഷൻ

മറ്റുസ്ഥലങ്ങളുടെ പേരുകളും രേഖപ്പെടുത്തുക.

_____,

_____,

_____.

ജനവാസയോഗ്യം കുറവായ സ്ഥലങ്ങളിൽ (ഒറ്റപ്പെട്ട സ്ഥലങ്ങൾ) പോകുന്നത് സുരക്ഷിതമാണോ?

ചെയ്തു പഠിക്കാം

1. നിങ്ങളുടെ വീട്ടുവിലാസം, വിദ്യാലയവിലാസം എന്നിവ എഴുതുക.

വീട്ടുവിലാസം

വിദ്യാർത്ഥിയുടെ പേര് : _____

മാതാപിതാക്കളുടെ / രക്ഷകർത്താവിന്റെ പേര് : _____

ഡോർ നമ്പർ, തെരുവ് : _____

ഗ്രാമം / നഗരം : _____

ജില്ല : _____ പിൻകോഡ്: _____

മാതാപിതാക്കളുടെ / രക്ഷകർത്താവിന്റെ ഫോൺ നമ്പർ: _____ _____

വിദ്യാലയവിലാസം

വിദ്യാർത്ഥിയുടെ പേര് : _____

ക്ലാസ്സ്, ഡിവിഷൻ : _____

വിദ്യാലയം : _____

ഗ്രാമം / നഗരം : _____

ജില്ല : _____ പിൻകോഡ്: _____

പ്രധാന അധ്യാപകന്റെ ഫോൺ നമ്പർ : _____

ക്ലാസ് അധ്യാപകന്റെ ഫോൺ നമ്പർ : _____

2. നിങ്ങളുടെ വീട് , വിദ്യാലയ വിലാസത്തോടു കൂടിയ രണ്ട് ഐഡന്റിറ്റി കാർഡുകൾ നിർമ്മിക്കുക.

- ഒരു കാർഡ് നിങ്ങളുടെ ബാഗിൽ സൂക്ഷിക്കുക.
- മറ്റേ കാർഡ് നിങ്ങളുടെ യാത്രയിൽ കൂടെ കൊണ്ടുപോവുക

3. പങ്കുവയ്ക്കാം.

മാതാപിതാക്കൾ / രക്ഷകർത്താവിന്റെ ഫോൺ നമ്പർ

വീട്ടുവിലാസം

പള്ളിക്കൂട വിലാസം

വിശ്വാസമുള്ള മുതിർന്നവർ

വിദ്യാർത്ഥികളുടെ ഹെൽപ്പ് ലൈൻ നമ്പർ

ബ്ലാക്ക് ബോർഡിൽ വരയ്ക്കുക.
വിദ്യാർത്ഥികൾ ഓരോരുത്തരായി വന്ന് അതിനുമുകളിൽ കൈവെച്ച് മുകളിൽ പറഞ്ഞവയെ കുറിച്ച് പങ്കുവയ്ക്കാം.

വ്യത്യസ്ത സംഭവങ്ങൾ ! വ്യത്യസ്ത വികാരങ്ങൾ.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

- പ്രദർശനമേളയിൽ വച്ച് ഗോപികയെ കാണാതായപ്പോൾ അവൾക്ക് എന്ത് വികാരം തോന്നിയിട്ടുണ്ടാകും?
- സഹായം അഭ്യർത്ഥിച്ചപ്പോൾ ഗോപികയ്ക്ക് എന്ത് വികാരം തോന്നിയിട്ടുണ്ടാകും?
- അമ്മയെ കണ്ടെത്തിയപ്പോൾ ഗോപികയുടെ വികാരം എന്തായിരിക്കും?

ചില വികാരങ്ങൾ

ധൈര്യം

സന്തോഷം

ദുഃഖം

ഭയം

ആശ്ചര്യം

മുഖഭാവങ്ങളിലൂടെ നമുക്ക് വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിയും.

ദേഷ്യം

ലജ്ജ

ആശയക്കുഴപ്പം

കുറ്റബോധം

നമുക്ക് ഒരേ സമയം പല വികാരങ്ങൾ ഉണ്ടാകാം.

ഈ യൂണിറ്റിലെ ആദ്യ പേജിലെ ചിത്രം വിദ്യാർത്ഥികളെ കാണിക്കുക. ഗോപിക ആശയക്കുഴപ്പത്തിലും ഭയത്തിലും ഉണ്ടായിരുന്നെന്നാലും അവൾ സഹായം അഭ്യർത്ഥിച്ചു എന്ന് ഊന്നിപ്പറയുക.

ചെയ്തു പഠിക്കാം

1. ഗോപികയ്ക്ക് എന്ത് വികാരമാണുള്ളത്? മുഖഭാവം വരയ്ക്കുക.

പല സാഹചര്യങ്ങളിൽ ഗോപികയുടെ വികാരങ്ങളെ സൂക്ഷ്മമായി ശ്രദ്ധിച്ച് അവയെക്കുറിച്ച് സംസാരിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

2. വാക്കിനെയും, മുഖഭാവത്തെയും തമ്മിൽ യോജിപ്പിക്കുക.



ധൈര്യം

സന്തോഷം

ദുഃഖം

ആശയക്കുഴപ്പം

കുറ്റബോധം

ലജ്ജ

ഭയം

വാക്കുകളില്ലാത്ത വികാരങ്ങൾ

പ്രവർത്തനസമയം

വാക്കുകളില്ലാതെ വികാരങ്ങൾ പ്രകടിപ്പിക്കാൻ കഴിയുമോ? (നിശബ്ദമായി അഭിനയിക്കൽ)

1. പലവികാരങ്ങളെ ഓരോന്നായി നിശബ്ദമായി അഭിനയിച്ചു കാണിക്കുക.

അധ്യാപക സഹായി

വിദ്യാർത്ഥികൾ അവതരിപ്പിച്ച വികാരങ്ങൾ തിരിച്ചറിഞ്ഞ്, ആ വികാരങ്ങളുടെ പേരുകൾ പറയാൻ അവരോട് ആവശ്യപ്പെടുക.

വികാരങ്ങളെ നിങ്ങൾ എങ്ങനെ തിരിച്ചറിയും?

ഒരാൾ സംസാരിക്കുന്നില്ലെങ്കിലും അവരുടെ വികാരങ്ങൾ നമുക്ക് തിരിച്ചറിയാൻ കഴിയും.

നമ്മുടെ ശരീരം പല വികാരങ്ങൾ പ്രകടിപ്പിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നു. ഉദാ: നമ്മൾ ഭയപ്പെടുമ്പോൾ നാം വിയർക്കുന്നു.

2. ഗോപികയുടെ വികാരങ്ങളെ മുഖഭാവം മൂലം അഭിനയിച്ചു കാണിക്കുക.

3. ഗോപിക പറയുന്നു എന്ന വിനോദത്തിൽ ഏർപ്പെടാം.

ഒരു വിദ്യാർത്ഥി ഒരു വികാരത്തിന്റെ പേര് പറയുമ്പോൾ, മറ്റു വിദ്യാർത്ഥികൾ അതിനെ മുഖഭാവത്തിലൂടെ ചെയ്തു കാണിക്കണം.

ഉദാ: ഗോപിക പറയുന്നു ദേഷ്യം,
ഗോപിക പറയുന്നു ദു:ഖം

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

എനിക്ക് ചുറ്റുമുള്ള വ്യത്യസ്തരായ മനുഷ്യർ

രണ്ടു കുടുംബാംഗങ്ങളുടെ പേരുകൾ : _____, _____.

രണ്ട് അയൽവാസികളുടെ പേരുകൾ : _____, _____

രണ്ട് സുഹൃത്തുക്കളുടെ പേരുകൾ : _____, _____.

രണ്ട് ബന്ധുക്കളുടെ പേരുകൾ : _____, _____.

അഞ്ച് പരിചയക്കാരുടെ പേരുകൾ: : പച്ചക്കറി കച്ചവടക്കാർ,

_____, _____,

_____, _____.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

വീട്ടിലും, വിദ്യാലയത്തിലും എന്റെ ചുറ്റുപാടിലും ഞാൻ കണ്ടുമുട്ടുന്ന വ്യക്തികൾ ആരാണ്? വിശ്വാസമുള്ള മുതിർന്നവർ എന്നതാരാണ്.

നമുക്ക് പലരെയും അറിയാം.

നാം കുടുംബാംഗങ്ങൾക്കൊപ്പമാണ് താമസിക്കുന്നത്.



നമ്മുടെ ബന്ധുക്കളെയും, അയൽക്കാരെയും നമുക്കറിയാം. അവരുടെ പേരുകളും നമുക്കറിയാം - നമുക്കറിയുന്നവർ

നമുക്ക് സുഹൃത്തുക്കൾ ഉണ്ട്.

ചിലരെ നമുക്ക് അറിയാം. പക്ഷേ അവരുടെ പേരുകൾ അറിയില്ല. കടയുടമകൾ, ഓട്ടോ ഡ്രൈവർമാർ നാം പലപ്പോഴും കാണുന്ന ആളുകൾ.



നമുക്ക് പരിചയമില്ലാത്തവർ ആരാണ്? പുതുമുഖങ്ങൾ.

വ്യത്യസ്ത സ്പർശനങ്ങൾ

- സ്നേഹം പ്രകടിപ്പിക്കാൻ ചില സ്പർശനങ്ങൾ സഹായകമാകുന്നു.
- ചില സ്പർശനങ്ങൾ നമ്മെ സഹായിക്കാൻ സഹായകമാകുന്നു.
- നമുക്ക് സുഖമില്ലെങ്കിൽ ചില സ്പർശനങ്ങൾ നമ്മെ പരിചരിക്കാൻ സഹായകമാകുന്നു.
- കൂടാതെ ചില സ്പർശനങ്ങൾ സുരക്ഷിതമല്ലാത്തതുമാണ്.

ചെയ്തു പഠിക്കാം

സ്പർശനങ്ങൾ തിരിച്ചറിഞ്ഞ്, നക്ഷത്രങ്ങൾക്ക് വർണ്ണമിടുക.

- സ്നേഹ സ്പർശം
- സഹായത്തിനായുള്ള സ്പർശനം
- വൈദ്യ ചികിത്സയ്ക്കായുള്ള സ്പർശനം
- അനിഷ്ടമായ സുരക്ഷിതമല്ലാത്ത സ്പർശനം



താഴെപ്പറയുന്നവയിൽ ഏതെങ്കിലും നമുക്ക് നേരിടേണ്ടി വന്നേക്കാം.

- ഈ വികാരങ്ങൾ



- ഈ സ്പർശനങ്ങൾ

കുടുംബാംഗങ്ങൾ, പരിചയക്കാർ, പതിവായി കാണുന്ന ആളുകൾ, അപരിചിതർ എന്നിങ്ങനെ ആരിലൂടെയും ഇത് സംഭവിക്കാം.

ഇഷ്ടത്തിന് വിരുദ്ധമായത്, പക്ഷേ അത്യന്താപേക്ഷിതമാണ്.

ഗോപികയ്ക്ക് സൂചി ഇടുന്നു.



ചില സ്പർശനങ്ങൾ അനിഷ്ടമായതും, വേദനാജനകവും ആണെങ്കിൽ പോലും അത്യന്താപേക്ഷിതമായതാണ്.

ഇഷ്ടത്തിന് വിരുദ്ധമായത്, സുരക്ഷിതമല്ലാത്ത സ്പർശനം

അച്ചുവിന്റെ പ്രവൃത്തി

തള്ളുക, വലിക്കുക, നുള്ളുക മുതലായ സുരക്ഷിതമല്ലാത്ത സ്പർശനങ്ങളെ ഒഴിവാക്കുക.

ബാലുവിന്റെ അനുഭവം

ചില സ്പർശനങ്ങൾ തുടക്കത്തിൽ സുരക്ഷിതമായ സ്പർശനങ്ങളായി തോന്നുമെങ്കിലും അവ പിന്നീട് അനിഷ്ടമായതും, സുരക്ഷിതമല്ലാത്തതുമായി മാറുന്നു.

ഉദാഹരണമായി
ബാലുവിന്റെ അമ്മാവനാണ് അവനെ നൃത്തം പഠിപ്പിച്ചത്. ആദ്യം അവന് സന്തോഷം തോന്നി.

ദിവസങ്ങൾ കടന്നുപോകുന്നതോറും അവന്റെ അമ്മാവൻ അവനെ തൊടുന്ന വിധം അവന് ഇഷ്ടപ്പെട്ടില്ല.

നമ്മുടെ വികാരങ്ങളെ നാം മനസ്സിലാക്കുന്നത് നമ്മെ സുരക്ഷിതമായിരിക്കാൻ സഹായിക്കുന്നു.

അതിനാൽ വികാരങ്ങൾ തിരിച്ചറിയുക സ്വയം ചോദിക്കുക.

ഇത് ഇഷ്ടമായതാണോ?

ഇത് സുരക്ഷിതമാണോ?

ഇല്ലെങ്കിൽ

വിശ്വസ്തരായ മുതിർന്നവരുടെ സഹായം തേടുക.

ഗോപികയുടെ ആശയക്കുഴപ്പം

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

അനന്യയുടെ കഥ

അനന്യ ഒരു മിടുക്കിയായ പെൺകുട്ടിയാണ്. അവളുടെ ഒരു കുടുംബ സുഹൃത്താണ് അവളെ കണക്ക് പഠിപ്പിച്ചത്.

ഒരു ദിവസം അയാൾ അവളുടെ സ്വകാര്യഭാഗത്ത് സ്പർശിച്ചു അത് അവളെ വളരെ ആശയക്കുഴപ്പത്തിലാക്കി.

ഈ പ്രവൃത്തി തുടർന്ന് നടന്നതിനാൽ അനന്യ ഭയത്തോടും ആശയക്കുഴപ്പത്തോടും കാണപ്പെട്ടു.

അടിവസ്ത്രങ്ങൾ കൊണ്ട് മറയ്ക്കപ്പെടുന്ന ഭാഗങ്ങളാണ് സ്വകാര്യഭാഗങ്ങൾ എന്ന് വിശദീകരിക്കുക.

നിന്റെ ശരീരം നിന്റെതാണ് സ്വയം സംരക്ഷിച്ച് സുരക്ഷിതമായിരിക്കൂ.

അനിഷ്ടമായതും, സുരക്ഷിതമല്ലാത്തതുമായ സ്പർശനം നേരിടേണ്ടി വന്നാൽ നിങ്ങൾ എന്ത് ചെയ്യും?

1. വേണ്ട എന്ന് ഉറക്കെ പറയുക.

2. ഉടനെ ആ സ്ഥലത്ത് നിന്ന് മാറിപ്പോവുക.

3. വിശ്വസ്തരായ മുതി ർന്നവരോട് പറയുക.

സ്പർശന നിയമങ്ങൾ

ആരും ചെയ്യാൻ പാടില്ലാത്തത്.

- നിങ്ങളുടെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിക്കുന്നത്.
- നിങ്ങളെ വൃത്തിയായി സൂക്ഷിക്കുന്നതിനും, വൈദ്യ പരിശോധനയ്ക്കായും നിങ്ങളുടെ സ്വകാര്യഭാഗങ്ങൾ കാണിയ്ക്കാൻ ആവശ്യപ്പെടുന്നത്.



ആരും ചെയ്യാൻ പാടില്ലാത്തത്.

- അവരുടെ സ്വകാര്യ ഭാഗങ്ങളിൽ നിങ്ങളോട് സ്പർശിക്കാൻ ആവശ്യപ്പെടുന്നത്.
- അവരുടെ സ്വകാര്യ ഭാഗങ്ങളെ കാണിക്കുന്നത്.
- സ്വകാര്യ ഭാഗങ്ങളുടെ ചിത്രങ്ങൾ കാണിക്കുന്നത്.

വിശ്വസ്തരായ മുതിർന്നവർ

നിങ്ങളെക്കുറിച്ച് കരുതലുള്ളവരും, ആവശ്യമുള്ള സമയങ്ങളിൽ സഹായിക്കുന്നവരുമായ വ്യക്തിയെയാണ് വിശ്വസ്തരായ മുതിർന്നവർ എന്ന് പറയുന്നത്. അവരോട് നിങ്ങളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കാം.

വിദ്യാർത്ഥികളോട് സുരക്ഷാ നിയമങ്ങൾ പരിശീലിക്കാനും, അഭിനയിച്ച് ബോധവാന്മാരാക്കാനും ആവശ്യപ്പെടാം.
ആൺകുട്ടികൾക്കും സുരക്ഷിതമല്ലാത്ത സ്പർശനം ഉണ്ടാകാമെന്നും ഊന്നിപ്പറയുക.

നിങ്ങൾക്ക് സുരക്ഷിതമല്ലെന്ന് തോന്നുമ്പോഴോ, സ്പർശിക്കുന്നത് സുരക്ഷിതമല്ല എന്ന് തോന്നുമ്പോഴോ ഉറക്കെ വേണ്ട എന്ന് പറയുക. ഉടൻ തന്നെ ആ സ്ഥലത്തുനിന്നും മാറിപ്പോവുക. നിങ്ങളെ സഹായിക്കാൻ കഴിയുന്ന വിശ്വസ്തനായ മുതിർന്നയാളോട് പറയുക അല്ലെങ്കിൽ 1098/14417 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടുക.

ചെയ്തു പഠിക്കാം

നിങ്ങളുടെ കൈപ്പത്തിയുടെ പുറം രേഖ വരച്ച് അതിൽ നിങ്ങളുടെ വിശ്വസ്തരായ മുതിർന്നവരുടെ പേരുകൾ എഴുതുക. കൂടാതെ അവരെക്കുറിച്ച് ഒന്ന് രണ്ട് വാക്യങ്ങളിൽ എഴുതുക.

പാട്ടുപാടാമോ

സുരക്ഷിതമായിരിക്കൂ

വേണ്ട! വേണ്ട! വേണ്ട!
വേണ്ട എന്ന് പറഞ്ഞീടൂ
സുരക്ഷിത സ്പർശനമല്ലെങ്കിൽ
വേണ്ട എന്ന് പറഞ്ഞീടൂ
ഓടുക ഓടുക ഓടുക
അവിടെ നിന്നും ഓടീടൂ
പരിചിതരോട് പറഞ്ഞീടൂ
വിശ്വസ്തരോട് പറഞ്ഞീടൂ (2)

കരഞ്ഞാലും നീ പറഞ്ഞിടൂ, ഭയന്നാലും നീ പറഞ്ഞീടൂ
സഹായം കിട്ടുന്നതുവരെ
തുടർന്ന് പറഞ്ഞു കൊണ്ടേ ഇരുന്നീടൂ
വിശ്വസ്തരോട് പറഞ്ഞീടൂ (2)

ആരും നിന്നെ സഹായിച്ചില്ലേ
1098/14417 നമ്പർ ഓർമ്മിച്ചീടൂ
സഹായം ആവശ്യമെങ്കിൽ
ഉടനെ തന്നെ വിളിച്ചിടൂ

രഹസ്യങ്ങൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

എന്താണ് രഹസ്യമായി സൂക്ഷിക്കാൻ കഴിയുക.

ഗോപിക അവളുടെ കൂട്ടുകാരിയുടെ പിറന്നാളിന് അവളോട് പറയാതെ ഒരു സമ്മാനം വാങ്ങി. അവൾക്ക് ആ വിവരം സൂക്ഷിക്കാമോ? സൂക്ഷിച്ചുവയ്ക്കാമോ?

അനന്യയുടെ ബന്ധുക്കളിൽ ഒരാൾ അവളുടെ സ്വകാര്യ ഭാഗങ്ങൾ സ്പർശിച്ച ശേഷം ആരോടും പറയരുതെന്ന് അവളോട് പറയുന്നു. ആ വിവരം രഹസ്യമായി സൂക്ഷിച്ച് വയ്ക്കുമോ?

ഒരു വാർത്തയോ, സംഭവമോ സുരക്ഷിതം അല്ലെങ്കിൽ വിശ്വസ്തരായ മുതിർന്നവരെ അറിയിക്കേണ്ടത് അത്യാവശ്യമാണ്.

അധ്യാപക സഹായി

രഹസ്യമായി സൂക്ഷിക്കാവുന്നതും, പാടില്ലാത്തതുമായ കാര്യങ്ങൾ വിദ്യാർത്ഥികളുമായി ചർച്ച ചെയ്യുക. അതിനനുസരിച്ചുള്ള ചില ഉദാഹരണങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുക.

നിങ്ങൾക്ക് ഭയമോ, ദുഃഖമോ തോന്നിയാൽ അല്ലെങ്കിൽ സഹായം ആവശ്യമെങ്കിൽ

1098 / 14417 എന്നാൽ എന്ത്?

ഈ രണ്ട് നമ്പരുകളും കുട്ടികൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പരുകളാണ്.

ഈ കോൾ പൂർണമായും രഹസ്യമായതാണ്.

സുഹൃത്തിനോ, മുതിർന്നവർക്കോ കുട്ടികൾക്കായി ഈ നമ്പറിൽ ബന്ധപ്പെടാം.

കുട്ടികൾക്ക് എപ്പോൾ 1098/14417 എന്ന നമ്പരിൽ ബന്ധപ്പെടാം?

ആരെയെങ്കിലും നഷ്ടപ്പെടുകയോ, കാണാതാവുകയോ ചെയ്താൽ

1098/14417 എന്ത് തരത്തിലുള്ള സഹായമാണ് നൽകുന്നത്?

- അവർ കുട്ടിയെ സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് കൊണ്ടുപോകും.
- ആവശ്യമെങ്കിൽ വൈദ്യസഹായത്തിന് അവർ സൗകര്യമൊരുക്കും.

കുട്ടികളെ മാതാപിതാക്കളുമായി വീണ്ടും ഒന്നിപ്പിക്കാൻ അവർ സഹായിക്കും.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഗോപിക ക്രിക്കറ്റ് കളിക്കാൻ ആഗ്രഹിക്കുന്നു

ആണായാലും, പെണ്ണായാലും നമുക്ക് പരസ്പരം ബഹുമാനിക്കാം.

പരസ്പര ബഹുമാനമുള്ള പരസ്പരം ബഹുമാനമില്ലാത്ത പ്രവൃത്തികളെ പട്ടികയിൽ എഴുതുക.

1. സംസാരിക്കാൻ കൈ ഉയർത്തുന്നത്.
2. അവരവരുടെ ഊഴത്തിനായി കാത്തിരിക്കാതിരിക്കുക.
3. എല്ലാവരോടും വിനയമായി സംസാരിക്കുക.
4. മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കുന്നത്.
5. മറ്റുള്ളവർക്ക് നേരെ വസ്തുക്കൾ എറിയുന്നത്.
6. മറ്റുള്ളവരുടെ വസ്തുക്കൾ അവരോട് ചോദിക്കാതെ ഉപയോഗിക്കുന്നത്.

പരസ്പര ബഹുമാനമുള്ള പ്രവൃത്തി	പരസ്പര ബഹുമാനമില്ലാത്ത പ്രവൃത്തി

പഠനയാത്ര

1. ചിത്രങ്ങൾ നോക്കി, നിങ്ങൾക്ക് വഴിതെറ്റിയാൽ എന്ത് ചെയ്യുമെന്ന് ചിന്തിക്കുക. ശരിയായ പ്രവൃത്തികൾക്ക് (✓)ചെയ്യുക.

ഒരു സ്ഥലത്ത് നിശബ്ദമായി ഇരിക്കുക

രക്ഷകർത്താക്കളെ അന്വേഷിച്ച് എല്ലാ സ്ഥലത്തും ഓടുക.

പോലീസ് ഉദ്യോഗസ്ഥരുടെ സഹായം ചോദിക്കുക.

സഹായം വാഗ്ദാനം ചെയ്യുന്ന അപരിചിതരോടൊപ്പം പോവുക.

വിശ്വസ്തരായ മുതിർന്നവർക്ക് നിങ്ങളുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പർ കൈ മാറുക.

2. സഹായം അഭ്യർത്ഥിക്കുമ്പോൾ, എന്ത് ചോദിച്ച് സഹായം അഭ്യർത്ഥിക്കുന്നു എന്ന് എഴുതുക.

_____

_____

3. സുരക്ഷിതമല്ലാത്ത സ്പർശനം സംഭവിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളെ ക്രമപ്പെടുത്തി അക്കങ്ങൾ ഇടുക.

വിശ്വസ്തരായ മുതിർന്നവരോട് സഹായം ചോദിക്കുക അല്ലെങ്കിൽ 1098 / 14417 എന്ന നമ്പറിൽ ബന്ധപ്പെടുക.

വേണ്ട എന്ന് ഉറക്കെ പറയുക.

ഉടൻ തന്നെ ആ സ്ഥലത്തു നിന്നും മാറി പോവുക.

4. ചിത്രങ്ങൾ നോക്കി 'സുരക്ഷിതമായത്', 'സുരക്ഷിതമല്ലാത്തത്' ഏതാണെന്ന് എഴുതുക?

കുടുംബാംഗത്തെ പുണരുക.

മാതാപിതാക്കളുടെ സാന്നിധ്യത്തിൽ ഡോക്ടറുടെ പരിശോധന.

ആരെങ്കിലും നിങ്ങളെ അടിക്കുന്നത്, തള്ളുന്നത്.

ആരെങ്കിലും നിങ്ങളുടെ സ്വകാര്യ ഭാഗത്ത് സ്പർശിക്കുന്നത്.

സുഹൃത്തിനൊപ്പം കൈ തട്ടുന്നത്.

5. സാഹചര്യത്തിന് അനുയോജ്യമായ വികാരങ്ങളെ യോജിപ്പിക്കുക.

സന്തോഷം

ഭയം

ഞാൻ എന്റെ സുഹൃത്തുക്കളോട് കളിക്കുമ്പോൾ...

ആരെങ്കിലും എന്നോട് ഉച്ചത്തിൽ സംസാരിക്കുമ്പോൾ...

എന്റെ രക്ഷകർത്താക്കളെ കണ്ടുപിടിക്കാൻ സാധിക്കാത്തപ്പോൾ...

എന്റെ പാവ ഉടഞ്ഞു പോയപ്പോൾ...

ദേഷ്യം

ദുഃഖം

6. നിങ്ങൾ സഹായം അഭ്യർത്ഥിക്കുന്നവർക്ക് (✓) ചെയ്യുക.

☐ അച്ഛൻ

☐ അമ്മ

☐ അപരിചിതൻ

☐ അധ്യാപിക

☐ പോലീസ് ഉദ്യോഗസ്ഥൻ

7. നിനക്ക് എല്ലാം പങ്കുവയ്ക്കാൻ കഴിയുന്ന മുതിർന്ന രണ്ടു വ്യക്തികളുടെ പേര് എഴുതുക.

അ _____ ആ _____

ഞാൻ പഠിച്ചവ

- സുരക്ഷിതമായതും, സുരക്ഷിതമല്ലാത്തതുമായ സ്പർശനങ്ങൾക്ക് തമ്മിലുള്ള വ്യത്യാസം ഞാൻ തിരിച്ചറിയും.
- സ്പർശന നിയമങ്ങൾ എനിക്കറിയാം. ആവശ്യമുള്ളപ്പോൾ ഞാൻ അവ ആത്മവിശ്വാസത്തോടെ ഉപയോഗിക്കും.
- ഞാൻ വിശ്വസ്തരായ മുതിർന്നവരെ തിരിച്ചറിയുകയും, ആവശ്യമുള്ളപ്പോൾ അവരോട് സഹായം ചോദിക്കുകയും ചെയ്യും.
- സുരക്ഷിതത്വമില്ലെന്നു തോന്നുമ്പോൾ കുട്ടികൾക്കായുള്ള ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടും.

ഞാൻ ചെയ്യും

1. താഴെ തന്നിട്ടുള്ളവയെ ക്രമപ്പെടുത്തുക.

പുഞ്ചിരിക്കുക	സൈക്കിൾ ഓടിക്കുക	നൂൽ കോർക്കൽ	ഓടുക	എഴുതുക	നൃത്തം ചെയ്യുക

സ്ഥൂല ചലനം	സൂക്ഷ്മ ചലനം

പദശേഖരം തോൾ, കാൽമുട്ട്, കഴുത്ത്, കൈമുട്ട്, ഇടുപ്പെല്ല്

2. പദശേഖരത്തെ ഉപയോഗിച്ച് ചിത്രത്തിൽ ശരിയായ സന്ധിയുടെ പേരുകൾ എഴുതുക.

3. പദശേഖരം ഉപയോഗിച്ച് വിട്ടുപോയ സ്ഥലം പൂരിപ്പിക്കുക.

അ) നിങ്ങളുടെ കാല് മടക്കാൻ _____ , _____ സഹായിക്കുന്നു.

ആ) നിങ്ങളുടെ കൈ എല്ലാ ദിശകളിലേക്കും ചലിപ്പിക്കാൻ _____ സഹായിക്കുന്നു.

ഇ) കഴുത്തിനെ ചലിപ്പിക്കാൻ _____ സഹായിക്കുന്നു.

4. ശരിയായ രൂപഘടനയ്ക്ക് താഴെ (✓) എന്നും, തെറ്റായ രൂപഘടനയ്ക്ക് താഴെ (×) എന്നും രേഖപ്പെടുത്തുക.

☐

☐

☐

☐

5. സുരക്ഷിതമായ സ്പർശനത്തിന് പച്ച നിറവും, സുരക്ഷിതമല്ലാത്ത സ്പർശനത്തിന് ചുവപ്പ് നിറവും നൽകുക.

☐

☐

☐

☐

6. വായ്മൊഴി ചോദ്യങ്ങൾ

അ) നിങ്ങൾ ചെയ്യുന്ന ഏതെങ്കിലും രണ്ട് സൂക്ഷ്മ ചലനങ്ങളെക്കുറിച്ച് പറയുക.

ആ) നിങ്ങളെ സുരക്ഷിതമല്ലാത്ത രീതിയിൽ ആരെങ്കിലും സ്പർശിച്ചാൽ നിങ്ങൾ എന്ത് ചെയ്യും?

7. പ്രോജക്ട്

അ) നിങ്ങളുടെ ചിത്രത്തെ ഈർക്കിൽ ചിത്രമായി കടലാസിന്റെ മധ്യത്തിൽ വരച്ച ശേഷം, നിങ്ങളുടെ വിശ്വസ്തരായ മുതിർന്നവരുടെ ചിത്രങ്ങളെ അതിനു ചുറ്റും വരച്ച് പേരുകൾ എഴുതുക.

ആ) അവരെക്കുറിച്ച് എഴുതുക.

2 ചെറുപ്രാണികളുടെ ലോകം

അത്ഭുതകരമായ പ്രാണികൾ!

അന്ന് സ്കൂൾ അവധി ദിവസമായിരുന്നു. വള്ളിയും മുകിലും തങ്ങളുടെ തോട്ടത്തിലുള്ള ചെറുപ്രാണികളെ നിരീക്ഷിച്ചുക്കൊണ്ടിരിക്കുകയായിരുന്നു.

വള്ളി: ഈ പൂമ്പാറ്റകൾ കാണാൻ എന്ത് ഭംഗിയാണ്!

മുകിൽ : അതെ! പൂമ്പാറ്റകളുടെ ചിറകുകൾ എന്തു കൊണ്ടാണ് ഇത്ര വർണ്ണാഭമായിരിക്കുന്നത്?

നമുക്കും മുകിലിനും വള്ളിക്കുമൊപ്പം ചേർന്ന് ചെറുപ്രാണികളുടെ ലോകത്തെക്കുറിച്ച് അന്വേഷിക്കാം.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

നമുക്ക് ചുറ്റും പലതരത്തിലുള്ള പ്രാണികളുണ്ട്.
നിങ്ങൾ നിരീക്ഷിച്ചവയെക്കുറിച്ച് പങ്കുവെക്കുക.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഉറുമ്പുകൾ എങ്ങനെയാണ് ഒത്തുചേർന്ന് ജോലി ചെയ്ത് ജീവിക്കുന്നത്?

ഉറുമ്പുകൾ കൂട്ടമായാണ് ജീവിക്കുന്നത്. വരിവരിയായി പോയി അവ ആഹാരം തേടുന്നു.

ഉറുമ്പുകൾ മണ്ണിനടിയിൽ മാളങ്ങൾ ഉണ്ടാക്കിയും മരത്തോലുകൾക്കിടയിലും താമസി ക്കുന്നു.

ഉറുമ്പുകൾ മധുരപലഹാരങ്ങൾ, വിത്തുകൾ, ചെറിയപ്രാണികൾ, ഭക്ഷണശകലങ്ങൾ തുടങ്ങിയവ ആഹാരമാക്കുന്നു.

ആൺ ഉറുമ്പ്

വേലക്കാരൻ ഉറുമ്പുകൾ

റാണി ഉറുമ്പ്

ഒരു ഉറുമ്പിന് സ്വന്തം ശരീരഭാരത്തേക്കാൾ ഏകദേശം 10 മുതൽ 50 മടങ്ങ് വരെ കൂടുതൽ ഭാരമുള്ള വസ്തുക്കൾ ചുമക്കാൻ കഴിയും.

ഉറുമ്പുകൾ മൂന്ന് വിഭാഗങ്ങളിലുണ്ട്. അവ ആൺ ഉറുമ്പ്, റാണി ഉറുമ്പ്, വേലക്കാരൻ ഉറുമ്പ് എന്നിവയാണ്.

ഉറുമ്പുകൾ കൂട്ടമായി ഒത്തുചേർന്ന് ജീവിക്കുന്നതിനെ 'ഉറുമ്പുക്കൂട്ടം' എന്ന് വിളിക്കുന്നു. ഒത്തൊരുമയോടെ ജീവിക്കുന്ന ഉറുമ്പുകൾ കഠിനാധ്വാനം ചെയ്യാൻ ഇഷ്ടപ്പെടുന്നവയാണ്.

മണ്ണ് വൃത്തിയായും ഫലഭൂയിഷ്ഠമായും നിലനിർത്താൻ ഉറുമ്പുകൾ സഹായിക്കുന്നു.

ചെയ്തു നോക്കാം

വള്ളി, മുകിൽ, അമീർ, ഡേവിഡ് എന്നിവർ ഭൂതക്കണ്ണാടി ഉപയോഗിച്ച് ഉറുമ്പുകളെ നിരീക്ഷിക്കുന്നു.

1. ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ ഒരു തുള്ളി വെള്ളം ഉപയോഗിച്ച് ഒരു ലെൻസ് നിർമ്മിക്കുക.
2. അത് ഉപയോഗിച്ച് ഉറുമ്പുകളെ നിരീക്ഷിക്കുക
3. നിങ്ങൾ നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്തുകയും പങ്കുവെക്കുകയും.

നീർത്തുള്ളി ഉപയോഗിച്ച് ലെൻസ് നിർമ്മിക്കാൻ കുട്ടികളെ സഹായിക്കുക.

ഉറുമ്പുകൾക്ക് ചെവികളില്ല. അവ തങ്ങളുടെ കാലുകളിലൂടെ ഭൂമിയിലുണ്ടാകുന്ന കമ്പനങ്ങൾ തിരിച്ചറിഞ്ഞാണ് കാര്യങ്ങൾ മനസ്സിലാക്കുന്നത്.

പദശേഖരം ഉപയോഗിച്ച് വിട്ടു പോയ ഭാഗം പൂരിപ്പിക്കുക

അ. ഉറുമ്പുകൾ മൂന്ന് തരങ്ങൾ _____, _____, _____

ആ. ഉറുമ്പുകൾ ചേർന്ന് ഒരു സമൂഹമായി ജീവിക്കുന്നതിനെ _____ എന്ന് വിളിക്കുന്നു.

ഇ. ഉറുമ്പുകൾ മണ്ണിനടിയിലും _____ ഉള്ളിലും താമസിക്കുന്നു.

ഈ. ഉറുമ്പുകൾ വരിവരിയായി _____ തേടി നീങ്ങുന്നു.

ഉ. ഉറുമ്പുകൾ _____ ഭക്ഷണശകലങ്ങൾ തുടങ്ങിയവ ആഹാരമാക്കുന്നു.

പ്രകൃതിയുടെ ഭംഗി ചിത്രശലഭം

വള്ളിയും മുകിലും തങ്ങളുടെ സുഹൃത്തുക്കളോടൊപ്പം തിരിച്ചിറാപ്പള്ളി ശ്രീരംഗത്തുള്ള ചിത്രശലഭം പാർക്ക് സന്ദർശിച്ചു. പാർക്ക് മുഴുവൻ പൂക്കളും ചിത്രശല ഭങ്ങളും കൊണ്ട് നിറഞ്ഞിരുന്നു.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ചിത്രശലഭങ്ങളും പൂക്കളും പരസ്പരം സഹായിക്കുന്നു.

പൂക്കളിൽ വിത്തുകൾ ഉണ്ടാകാൻ ചിത്രശലഭങ്ങൾ സഹായിക്കുന്നു.

പൂക്കൾ ചിത്രശലഭങ്ങൾക്ക് ആഹാരം നൽകുന്നു.

ചിത്രശലഭങ്ങൾ പ്രകൃതിയെ മനോഹരമായി നിലനിർത്തുന്നു.

ചെയ്തു പഠിക്കാം

കടലാസ് ചിത്രശലഭം നിർമ്മിക്കാം



- ചിത്രശലഭങ്ങൾ സസ്യങ്ങളുടെ സുഹൃത്തുക്കളാണ് ചർച്ച ചെയ്യുക.
- കടലാസ് ചിത്രശലഭം നിർമ്മിക്കാൻ കുട്ടികളെ സഹായിക്കുക.

അനുകരണം നടത്തുന്ന ചിത്രശലഭം - നിറം മാറുന്ന തന്ത്രം

ചില ചിത്രശലഭങ്ങൾ മറ്റു ചിത്രശലഭങ്ങളുടെ നിറങ്ങൾ അനുകരിക്കാറുണ്ട്. ഈ പ്രവൃത്തിയെ അനുകരണം എന്ന് വിളിക്കുന്നു. ഇത്തരത്തിൽ നിറം മാറുന്ന ചിത്രശലഭങ്ങൾക്ക് വിഷാംശമുണ്ടെന്ന് കരുതി പക്ഷികൾ അവയെ ഭക്ഷിക്കാറില്ല. ഈ രീതിയിലൂടെ ചിത്രശലഭങ്ങൾ സ്വയം സംരക്ഷിക്കുന്നു.

വിഷാംശമുള്ള ചിത്രശലഭം

സാധാരണ ചിത്രശലഭം

നിറം മാറിയ സാധാരണ ചിത്രശലഭം

സാധാരണ ചിത്രശലഭങ്ങൾ വിഷാംശമുള്ള ചിത്രശലഭങ്ങളുടെ പൊതുവായ നിറത്തിലേക്ക് തങ്ങളുടെ നിറം മാറ്റുന്നു.

ചെയ്തു പഠിക്കാം

ചിത്രശലഭം പറക്കാൻ കഴിയുന്ന ഒരു പ്രാണിയാണ്. ഇതിന് രണ്ട് ജോടി ചിറകുകളുണ്ട്. മുൻചിറകുകളേക്കാൾ ചെറുതാണ് പിൻചിറകുകൾ. ഇതിന്റെ ചിറകുകൾ വളരെ നേർത്തതാണ്. ഇവയിൽ ശല്ക്കങ്ങൾ ഉണ്ട്. ഈ ശല്ക്കങ്ങളാണ് ചിത്രശലഭങ്ങൾക്ക് നിറം നൽകുന്നത്.

1. വരച്ച് നിറം നൽകുക:



2. ഇലകൾ ഉപയോഗിച്ച് ഒരു 'ഇല ചിത്രശലഭം' നിർമ്മിക്കുക.

ഇലകൾ ഉപയോഗിച്ച് ചിത്രശലഭം നിർമ്മിക്കാൻ കുട്ടികളെ സഹായിക്കുക.

3. പദശേഖരം ഉപയോഗിച്ച് വിട്ടു പോയ ഭാഗം പൂരിപ്പിക്കുക
ശല്ക്കങ്ങൾ, അനുകരണം നാല് പിൻചിറകുകൾ

അ. ചിത്രശലഭങ്ങൾക്ക് _____ ചിറകുകളുണ്ട്.

ആ. മുൻചിറകുകൾ _____ വലുതാണ്.

ഇ. ചിത്രശലഭങ്ങൾക്ക് നിറം നൽകുന്നത് _____ ആണ്.

ഈ. ചില ചിത്രശലഭങ്ങൾ പക്ഷികളിൽ നിന്ന് രക്ഷപെടാൻ നടത്തുന്ന തന്ത്രത്തെ _____ എന്ന് വിളിക്കുന്നു.

കഠിനാധ്വാനികളായ തേനീച്ചകൾ

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

തേനീച്ചകൾ ചെറിയ പ്രാണികളാണ്.

തേനീച്ചകൾ ധാരാളം അറകളുള്ള തേൻകൂട്ടിലാണ് ജീവിക്കുന്നത്.

തേനീച്ചകൾ തേൻ ഉൽപ്പാദിപ്പിക്കുന്നു.

ഒരു തുള്ളി തേൻ ഉണ്ടാക്കാൻ ഒരു തേനീച്ച 50 മുതൽ 100 വരെ പൂക്കളിൽ നിന്ന് തേൻ ശേഖരിക്കുന്നു.

കട്ടിയുള്ള കാർഡ്ബോർഡ് ഉപയോഗിച്ച് ഒരു തേൻകൂട് നിർമ്മിക്കുക.

തേനീച്ചകൾ മൂന്ന് തരത്തിലുണ്ട്.
വേലക്കാര തേനീച്ചകൾ തങ്ങളുടെ ശരീരത്തിൽ ഉൽപ്പാദിപ്പിക്കുന്ന മെഴുക് ഉപയോഗിച്ച് തേൻകൂട് നിർമ്മിക്കുന്നു. തേനീച്ചകൾ പൂക്കളിൽ നിന്ന് പൂന്തേൻ ശേഖരിക്കുന്നു. അവ അത് തേൻകൂട്ടിലേക്ക് കൊണ്ടുവരുന്നു. തേനീച്ചകൾ പൂന്തേനിനെ തേനാക്കി മാറ്റുന്നു. അതിനെ തേൻകൂട്ടിലെ അറകളിൽ ശേഖരിച്ചുവയ്ക്കുന്നു.



- റാണി തേനീച്ച തേൻകൂട്ടിലെ ചില അറകളിൽ മുട്ടകളിടുന്നു. അവ വിരിഞ്ഞ് യുവ തേനീച്ചകൾ ഉണ്ടാകുന്നു.
- ആൺ തേനീച്ചകൾ റാണി തേനീച്ചയെ സഹായിക്കുന്നു.

ചെയ്തു പഠിക്കാം

1. തേൻകൂട് വരയ്ക്കുക.



2. പദശേഖരം ഉപയോഗിച്ച് വിട്ടു പോയ ഭാഗം പൂരിപ്പിക്കുക

അ) വേലക്കാര തേനീച്ചകൾ _____ നിർമ്മിക്കുന്നു.

ആ) വേലക്കാര തേനീച്ചകൾ _____ ഉൽപ്പാദിപ്പിക്കുന്നു.

ഇ) _____ മുട്ടകളിടുന്നു.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഏതൊക്കെയാണ് പ്രാണികൾ?

പ്രാണികൾ

- പ്രാണികൾ സസ്യങ്ങളിലും മണ്ണിനടിയിലും വെള്ളത്തിലും നമ്മുടെ വീടിനുള്ളിലും ജീവിക്കുന്നു.
- ഉറുമ്പുകൾ, പൂമ്പാറ്റകൾ, തേനീച്ചകൾ തുടങ്ങിയവയാണ് നാം സാധാരണയായി കാണുന്ന പ്രാണികൾ.
- പ്രാണികൾക്ക് പൊതുവെ 6 കാലുകൾ, 4 ചിറകുകൾ, 2 സ്പർശിനികൾ എന്നിവയുള്ള ചെറിയ ജീവികളാണ്.
- ഇവയുടെ ശരീരത്തിന് തല, നെഞ്ച്, വയർ എന്നിങ്ങനെ 3 ഭാഗങ്ങളുണ്ട്.

- ചില പ്രാണികൾക്ക് ചിറകുകളില്ല. ഉദാഹരണം: പേൻ, മൂട്ട.
- എല്ലാ ചെറിയ ജീവികളും പ്രാണികളല്ല. ഉദാ: എട്ടുകാലി, തേരട്ട ഇവയ്ക്ക് ആറിൽ കൂടുതൽ കാലുകളുണ്ട്.

എല്ലാ ചെറിയ ജീവികളും പ്രാണികളല്ല എന്ന കാര്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുക.

പ്രാണികളുടെ ശരീരഭാഗങ്ങൾ



പ്രാണികളുടെ സവിശേഷതകൾ

- ഉറുമ്പുകൾ തങ്ങളുടെ സ്പർശിനികൾ വഴി പരസ്പരം വിവരങ്ങൾ കൈമാറുന്നു. ഒരു ഉറുമ്പ് പുറപ്പെടുവിക്കുന്ന ഗന്ധം പിന്തുടർന്നാണ് മറ്റ് ഉറുമ്പുകൾ സഞ്ചരിക്കുന്നത്.

- ചിത്രശലഭങ്ങൾ പൂക്കളിൽ നിന്ന് പൂന്തേൻ കുടിക്കാൻ 'സ്പർശിനികൾ' എന്നറിയപ്പെടുന്ന നീളമുള്ള ഒരു കുഴലുണ്ട്.
- തേനീച്ചകൾ സ്വയം സംരക്ഷിക്കാൻ അവയുടെ കൊടുക്ക് ഉപയോഗിക്കുന്നു. തേനീച്ചയുടെ കുത്തേറ്റാൽ നല്ല വേദന അനുഭവപ്പെടും. അതിനാൽ തേനീച്ചകളെ ശല്യം ചെയ്യരുത്.

ചെയ്തു പഠിക്കാം

1. തേനീച്ചയുടെ ഭാഗങ്ങൾ അടയാളപ്പെടുത്തുക.



2. പൂമ്പാറ്റ, ഉറുമ്പ്, തേനീച്ച എന്നിവയുടെ ശരീരഭാഗങ്ങൾ താരതമ്യം ചെയ്ത് അവയുടെ സമാനതകളും വ്യത്യാസങ്ങളും.

പ്രാണികൾ	പൂമ്പാറ്റ	ഉറുമ്പ്	തേനീച്ച
സമാനതകൾ			
വ്യത്യാസങ്ങൾ			

സമാനമായ ഒരു പട്ടിക ഉപയോഗിച്ച് പ്രാണികൾ തമ്മിലുള്ള സമാനതകളും വ്യത്യാസങ്ങളും എഴുതാൻ കുട്ടികളെ സഹായിക്കുക.

3. ചിറകുകളുടെ രൂപഘടന നിരീക്ഷിച്ചു വരയ്ക്കുക.



തുമ്പി

മിന്നാമിന്നി

നിങ്ങൾ ഈ പ്രാണികളെ കണ്ടിട്ടുണ്ടോ?

ഇലപ്രാണി



ചുള്ളി പ്രാണി

4. ഇത് പ്രാണിയാണോ അതോ പ്രാണിയല്ലയോ എന്ന് എഴുതുക.



❖ 6 കാലുകൾ ❖ 4 ചിറകുകൾ

❖ 3 ശരീരഭാഗങ്ങൾ ❖ 2 സ്പർശിനികൾ

തുമ്പി ഒരു _____ ആണ്.

❖ 8 കാലുകൾ ❖ ചിറകുകളില്ല

❖ 2 ശരീരഭാഗങ്ങൾ ❖ സ്പർശിനികൾ ഇല്ല

എട്ടുകാലി ഒരു _____

5. ചെറിയ ജീവികളുടെ പേരുകൾ എഴുതുക. പ്രാണികളെ കണ്ടെത്തി (✓) ചിഹ്നം ഇടുക. അതിനുള്ള കാരണങ്ങൾ പറയുക.

ഉറുമ്പ്	തുമ്പി	പുൽച്ചാടി
തേനീച്ച	തേരട്ട	മണ്ണിര
കൊതുക്	പാറ്റ	പുള്ളിവണ്ട്

പ്രാണികൾക്ക്,

1. _____.

2. _____.

3. _____.

പ്രാണികളെ ഉപദ്രവിക്കരുത്

6. പട്ടികപ്പെടുത്തുക.

പുള്ളിവണ്ട്

പഴുതാര

ഈച്ച

മിന്നാമിന്നി

തേരട്ട

കൊതുക്

ക്രമനമ്പർ	പ്രാണികൾ	ചിറകുകളുടെ എണ്ണം	കാലുകളുടെ എണ്ണം
1.	പഴുതാര	ഇല്ല	ധാരാളം
2.	പുള്ളിവണ്ട്		
3.	ഈച്ച		
4.	മിന്നാമിന്നി		
5.	തേരട്ട		
6.	കൊതുക്		

പൂമ്പാറ്റയും, പുഴുവും ഇവ രണ്ടും കാഴ്ചയിൽ ഒരുപോലെയാണെങ്കിലും വ്യത്യസ്തമാണ്.



നിശാശലഭം

പൊതുവെ മങ്ങിയ തവിട്ട് അല്ലെങ്കിൽ ചാരനിറത്തിൽ കാണപ്പെടുന്നു.

.....

കൂടുതലായും രാത്രികാലങ്ങളിൽ സജീവമാണ്.

.....

വിശ്രമിക്കുമ്പോൾ ചിറകുകൾ പരത്തി വെക്കുന്നു.

ചിത്രശലഭം

വളരെ തിളക്കമുള്ളതും വർണ്ണാഭമായതുമായ നിറങ്ങളിൽ കാണപ്പെടുന്നു

.....

കൂടുതലായും പകൽസമയത്ത് സജീവമാണ്.

.....

വിശ്രമിക്കുമ്പോൾ ചിറകുകൾ ഒരുമിച്ച് ചേർന്ന് മുകളിലേക്ക് നോക്കിയിരിക്കും

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

ഉറുമ്പിന്റെ ജീവിതചക്രം

1 മുട്ട

ഉറുമ്പ് തന്റെ മാളത്തിനുള്ളിൽ ധാരാളം ചെറിയ വെളുത്ത നിറത്തിലുള്ള മുട്ടകളിടുന്നു.

മുട്ട

ലാർവ

2 ലാർവ

ഇത് മൃദുവായ പുഴുവിനെപ്പോലെയുള്ള ഘട്ടമാണ്. ഈ ഘട്ടത്തിൽ ലാർവ ധാരാളം ഭക്ഷണം കഴിച്ച് വളരുന്നു.

പൂർണ്ണ വളർച്ചയെത്തിയ ഉറുമ്പ്

പ്യൂപ്പ

3 പ്യൂപ്പ (Pupa)

ലാർവ സുരക്ഷിതമായ ഒരു കവചത്തിനുള്ളിൽ കൂട്ടുപുഴുവാകുന്നു.

4 പൂർണ്ണ

വളർച്ചയെത്തിയ ഉറുമ്പ് പ്യൂപ്പ ഘട്ടത്തിൽ നിന്ന് പൂർണ്ണവളർച്ചയെത്തിയ ഉറുമ്പായി പുറത്തുവരുന്നു.

പൂമ്പാറ്റയുടെ ജീവിതചക്രം

1 ഘട്ടം -മുട്ട

പൂമ്പാറ്റ ഇലയുടെ അടിവശത്ത് വളരെ ചെറിയ മുട്ടകളിടുന്നു.

2 ഘട്ടം - ലാർവ

മുട്ടയിൽ നിന്ന് ലാർവ പുറത്തുവരുന്നു. ഇത് ഇലകൾ കഴിച്ച് വളരെ വേഗത്തിൽ വളരുന്നു.

3 ഘട്ടം - പ്യൂപ്പ

ലാർവ (പുഴു) സുരക്ഷിതമായ ഒരു കവചത്തിനുള്ളിൽ പ്യൂപ്പയാകുന്നു.

4 ഘട്ടം - പൂർണ ശലഭം

പ്യൂപ്പ ഘട്ടത്തിൽ നിന്ന് പൂർണ്ണ വളർച്ചയെത്തിയ പൂമ്പാറ്റ പുറത്തുവരുന്നു.

ചെയ്തു പഠിക്കാം

1. ജീവിതചക്രത്തിലെ ഘട്ടങ്ങളെ ക്രമമനുസരിച്ച് യോജിപ്പിക്കുക.



2. ചിത്രശലഭത്തിന്റെ ജീവിതചക്ര ഘട്ടങ്ങൾ വരച്ച് എഴുതുക.



ചിത്രശലഭങ്ങൾ അവയുടെ കാലുകൾ കൊണ്ടാണ് രുചി അറിയുന്നത്.

സൂക്ഷ്മമായി നിരീക്ഷിച്ച് ചർച്ച ചെയ്യാം

മുതിർന്ന ജീവികളെ അവയുടെ കുഞ്ഞുങ്ങളുമായി താരതമ്യം ചെയ്യുക.

നായ

നായക്കുട്ടി

ചിത്രശലഭം

ലാർവ

പ്രാണികളുടെ കുഞ്ഞുങ്ങൾ മുതിർന്ന പ്രാണികളെ പോലെയാണോ ഇരിക്കുന്നത്.

കോഴി

കോഴിക്കുഞ്ഞ്

ഉറുമ്പ്

ലാർവ

പ്രാണികളുടെ കുഞ്ഞുങ്ങളും മുതിർന്ന പ്രാണികളും ഒരുപോലെയാണോ ഇരിക്കുന്നത്?

ഉപകാരികളും ഉപദ്രവകാരികളുമായ പ്രാണികൾ

വീട്ടിൽ പരീക്ഷിച്ചു നോക്കുക

വീടിന് പുറത്ത് അല്പം ഭക്ഷണ സാധനങ്ങൾ തുറന്നു വയ്ക്കുക. ആ ഭക്ഷണം തേടി വരുന്ന പ്രാണികളെ നിരീക്ഷിച്ച് അവയെ പട്ടികപ്പെടുത്തുക.

1. _____

2. _____

3. _____

തേനീച്ച, ചിത്രശലഭം, ഉറുമ്പ് തുടങ്ങിയ ചില പ്രാണികൾ നമുക്ക് സഹായകരമാണ്. കൊതുക്, ഈച്ച, വെട്ടുക്കിളി, പേൻ, പാറ്റ തുടങ്ങിയ ചില പ്രാണികൾ ദോഷകരമാണ്.

തുമ്പികളും മണ്ണീരകളും കർഷകരുടെ സുഹൃത്തുക്കളാണ്. എന്തുകൊണ്ട്?

വെട്ടുക്കിളി വിളകൾ ഭക്ഷിക്കുന്നവ

- പുല്ലുകളിലും ചെടികളിലുമാണ് വെട്ടുക്കിളികൾ ജീവിക്കുന്നത്.
- ഇവ ഇലകൾ തിന്നുതീർത്ത് കൃഷിനാശം വരുത്തുന്നു.

കൊതുക് രോഗകാരി

1. കൊതുക് കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മുട്ടയിടുന്നു.
2. കൊതുകുകൾ അവയുടെ കുഴൽ പോലുള്ള വായ ഉപയോഗിച്ച് തൊലിപ്പുറത്ത് സുഷിരമുണ്ടാക്കി രക്തം കുടിക്കുന്നു.
3. കൊതുകുകൾ മലേറിയ, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങൾ പരത്തുന്നു.



രോഗപ്രതിരോധം

വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. നിങ്ങളുടെ പരിസരം വൃത്തിയായും ഉണങ്ങിയ രീതിയിലും സൂക്ഷിക്കുക.

കൊതുകുകടി ഏൽക്കാതിരിക്കാൻ കൊതുകുവലകൾ ഉപയോഗിക്കുക.

വാതിലുകളും ജനലുകളും അടച്ചിടുക, അല്ലെങ്കിൽ കൊതുക് കടക്കാത്ത വലകൾ ഉപയോഗിച്ച് മറയ്ക്കുക.

അധ്യാപക സഹായി

വെള്ളം കെട്ടിക്കിടക്കുന്നതിനുള്ള കാരണങ്ങളും അവ തടയാനുള്ള വഴികളും മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുക.

പഠനയാത്ര

1. താഴെ പറയുന്നവയെ തരംതിരിക്കുക.

തേനീച്ച, ചിലന്തി, ചിത്രശലഭം, മണ്ണിര, ഉറുമ്പ്, തേരട്ട, ഈച്ച, പഴുതാര

പ്രാണികൾ	പ്രാണികൾ അല്ലാത്തവ

2. സൂചനകൾ വായിച്ച്, ശരിയായ പ്രാണിയുടെ ചിത്രം തിരഞ്ഞെടുത്ത് വരയ്ക്കുക.

അ) എനിക്ക് വർണ്ണാഭമായ ചിറകുകളുണ്ട്.
ഞാൻ ഒരു പൂവിൽ നിന്ന് മറ്റൊരു പൂവിലേക്ക് പറക്കും.
പൂക്കളിൽ നിന്ന് തേൻ കുടിക്കും.
ഞാൻ മുട്ടയിൽ നിന്ന് ലാർവ ഘട്ടത്തിലേക്ക് എത്തും.
ഞാൻ ആരാണ്?_____



ആ) ഞാൻ വളരെ ചെറിയ പ്രാണിയാണ്.
ഞാൻ കൂട്ടമായി ജോലി ചെയ്യും.
എന്നെക്കാൾ വലിപ്പമുള്ള ഭക്ഷണം ഞാൻ ചുമക്കും. എനിക്ക് മധുരപല ഹാരങ്ങൾ ഇഷ്ടമാണ്. ഞാൻ ആരാണ്?

ഇ) ഞാൻ പറക്കുന്ന ചെറിയ പ്രാണിയാണ്.
ഞാൻ മനുഷ്യരെയും മൃഗങ്ങളെയും കടിക്കും. ഞാൻ രക്തം കുടിക്കും.
ഞാൻ രോഗങ്ങൾ പരത്തും.
ഞാൻ ആരാണ്?

3. ഉപദ്രവകാരികളായ പ്രാണികളെയും ഉപകാരികളായ പ്രാണികളെയും തിരിച്ചറിഞ്ഞ് ശരി (✓) അടയാളമിടുക.

ക്രമനമ്പർ	പ്രാണികൾ	ഉപദ്രവകാരികൾ	ഉപകാരികൾ
1.	ചിത്രശലഭം		
2.	കൊതുക്		
3.	തേനീച്ച		
4.	വെട്ടുക്കിളി		
5.	ഉറുമ്പ്		

4. ചിത്രശലഭത്തിന്റെ ജീവിതചക്രത്തിലെ ഘട്ടങ്ങൾ എഴുതുക.



ഞാൻ പഠിച്ചവ

- എനിക്ക് ഒരു പ്രാണിയെ തിരിച്ചറിയാൻ സാധിക്കും.
- ഉറുമ്പ്, ചിത്രശലഭം, തേനീച്ച എന്നിവയുടെ ചില സവിശേഷതകളെക്കുറിച്ച് എനിക്ക് വിശദീകരിക്കാൻ കഴിയും.
- ചില പ്രാണികളുടെ ജീവിതചക്രം എനിക്ക് വരയ്ക്കാനും പേര് നൽകാനും സാധിക്കും.
- ഉപകാരികളായ പ്രാണികളെയും ഉപദ്രവകാരികളായ പ്രാണികളെയും എനിക്ക് തരംതിരിക്കാൻ കഴിയും.
- പ്രാണികളെ അവയുടെ സാമ്യങ്ങളും വ്യത്യാസങ്ങളും അടിസ്ഥാനമാക്കി എനിക്ക് താരതമ്യം ചെയ്യാൻ സാധിക്കും.

ഞാൻ ചെയ്യും

1. ശരിയായ ഉത്തരം എഴുതുക.

ഞാൻ ഒരു ഉറുമ്പാണ്.

എനിക്ക് _____ കാലുകളുണ്ട്.

ഞാൻ മറ്റ് ഉറുമ്പുകളോടൊപ്പം _____ ജീവിക്കുന്നു.

ഞാൻ ഒരു _____.

2. കൂട്ടത്തിൽ പെടാത്തത് വട്ടമിടുക, അതിന്റെ പേര് എഴുതുക.

_____

3. ഉറുമ്പിന്റെ ജീവിതചക്രത്തിലെ ഘട്ടങ്ങൾ എഴുതുക.



_____ _____

_____ _____

പ്യൂപ്പ, മുതിർന്ന ഉറുമ്പ്, മുട്ടകൾ, ലാർവ

4. വായമൊഴി ചോദ്യം

പ്രാണികൾ നമുക്ക് ഉപകാരപ്രദമായും ദോഷകരമായും ഉണ്ട് എന്നത് ഉദാഹരണ സഹിതം വിവരിക്കുക.

5. പ്രോജക്ട്

നിങ്ങളുടെ വീടിന് ചുറ്റുമുള്ള പരിസരത്തും വിദ്യാലയ തോട്ടത്തിലും കാണപ്പെടുന്ന പ്രാണികളെ നിരീക്ഷിക്കുക.

അ) നിങ്ങൾ കണ്ട ഒരു പ്രാണിയുടെ ചിത്രം വരച്ച്, താഴെ പറയുന്നവ പൂരിപ്പിക്കുക.

1. പ്രാണിയുടെ പേര്: _____

2. നിങ്ങൾ അതിനെ എവിടെ വെച്ചാണ് കണ്ടത്? _____

3. അത് എന്ത് ചെയ്തുകൊണ്ടിരിക്കുകയായിരുന്നു? _____

ആ) കൊതുക് അല്ലെങ്കിൽ ഈച്ച പോലുള്ള ഉപദ്രവകാരികളായ പ്രാണികളെക്കുറിച്ച് ഒരു ബോധവൽക്കരണ പോസ്റ്റർ തയ്യാറാക്കുക.

നിങ്ങളുടെ പോസ്റ്ററിൽ ഉൾപ്പെടുത്തേണ്ടവ

1. പ്രാണിയുടെ പേര്

2. അതുകൊണ്ട് ഉണ്ടാകുന്ന ദോഷഫലങ്ങൾ

3. അവയിൽ നിന്ന് നമ്മെ സംരക്ഷിക്കാനുള്ള ഒരു മാർഗ്ഗം

പഠനയാത്ര

- പൊതുവായി കാണപ്പെടുന്ന ചില പ്രാണികളുടെ ജീവിതചക്രം മനസ്സിലാക്കുക.
- പ്രാണികളുടെ സവിശേഷതകളും പരിസ്ഥിതിയിൽ അവയുടെ പ്രാധാന്യവും മനസ്സിലാക്കുക.
- സുരക്ഷിതമായ പെരുമാറ്റരീതികൾ ശീലിക്കുകയും സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിൽ സുരക്ഷാ നിയമങ്ങൾ പാലിക്കുകയും ചെയ്യുക.
- വിവിധ സാഹചര്യങ്ങളിൽ സുരക്ഷിതവും സുരക്ഷിതമല്ലാത്തതുമായ പെരുമാറ്റങ്ങൾ തിരിച്ചറിയുക.
- ദൈനംദിന ജീവിതത്തിൽ ശരിയായ ശാരീരിക നില പാലിക്കുക.
- വിവിധതരം സന്ധികളെയും വ്യത്യസ്ത ശാരീരിക ചലനങ്ങളിൽ അവയുടെ ഉപയോഗത്തെയും തിരിച്ചറിയുക.

മൂന്നാം ക്ലാസ്

STANDARD THREE

ഘട്ടം – I

TERM – I

സാമൂഹ്യശാസ്ത്രം

SOCIAL SCIENCE

ആമുഖം

തമിഴ്നാട് കരിക്കുലം പാഠ്യ പദ്ധതി 2025ന്റെ (TNCF) കാഴ്ചപ്പാടിന്റെയും ഘടനയുടെയും അടിസ്ഥാനത്തിൽ മൂന്നാം ക്ലാസിലേക്കുള്ള സാമൂഹ്യശാസ്ത്ര പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സന്തോഷകരമായ പഠനം, അന്വേഷണാത്മക പഠനം, കുട്ടികളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട അനുഭവങ്ങളിലൂടെ അറിവ് നേടൽ എന്നിവയ്ക്ക് ഈ പാഠപുസ്തകം ഊന്നൽ നൽകുന്നു.

തമിഴ്നാട് സംസ്ഥാന വിദ്യാഭ്യാസ നയത്തിൽ ശുപാർശ ചെയ്തിട്ടുള്ളത് പോലെ, എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം, ഭരണഘടനാ മൂല്യങ്ങൾ പിന്തുടരൽ, പ്രായത്തിന് അനുയോജ്യമായ രീതിയിൽ ജാതി, ലിംഗഭേദം, വൈവിധ്യം എന്നിവയെക്കുറിച്ചുള്ള ആഴത്തിലുള്ള അവബോധം സൃഷ്ടിക്കൽ, പ്രാദേശിക പാരമ്പര്യങ്ങൾ സംയോജിപ്പിച്ചുള്ള ധാരണ, പരിസ്ഥിതി വിദ്യാഭ്യാസം, 21ാം നൂറ്റാണ്ടിലെ കഴിവുകൾ, സാമൂഹിക വൈകാരിക പഠനം എന്നിവ ഈ പാഠപുസ്തകം ഉൾക്കൊള്ളുന്നു.

പഠന പുരോഗതി

സാമൂഹ്യശാസ്ത്ര പാഠപുസ്തകം പഠിതാക്കളുടെ ജീവിതത്തോട് ഏറ്റവും അടുത്തുള്ള സ്വയമേയുള്ള വ്യക്തിത്വം, കുടുംബം, ക്ലാസ് മുറി, ചുറ്റുപാടുകൾ എന്നീ വിഷയങ്ങളിൽ നിന്ന് ആരംഭിക്കുന്നു. പിന്നീട് ക്രമേണ സാമൂഹിക സ്ഥാപനങ്ങൾ, സാംസ്കാരിക രീതികൾ, പ്രകൃതി ചുറ്റുപാടുകൾ തുടങ്ങിയ വിപുലമായ വിഷയങ്ങളിലേക്ക് ഇത് വ്യാപിക്കുന്നു.

യൂണിറ്റ് 1: സുമതിയും കൂട്ടുകാരും

- താൻ, തന്റെ കരുത്ത്, താൽപ്പര്യം, കഴിവുകൾ എന്നിവ തിരിച്ചറിയുക.
- കുടുംബാംഗങ്ങളുടെ പങ്കാളിത്തം മനസ്സിലാക്കുക.
- ഗുണപരമായ ക്ലാസ് മുറി പെരുമാറ്റങ്ങൾ തിരിച്ചറിയുക.

യൂണിറ്റ് 2: സുമതിയുടെ നാട്ടിൽ

- നമ്മെ ചുറ്റിയുള്ള ആളുകളെയും സ്ഥലങ്ങളെയും തിരിച്ചറിയുക.
- തങ്ങൾക്ക് ചുറ്റുമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം, ലൈബ്രറി, പോലീസ് സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കുക.
- ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമൂഹിക സേവനങ്ങൾ ചെയ്യുന്നവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുക/ബഹുമാനിക്കുക.

പാഠപുസ്തകത്തിന്റെ പ്രധാന സവിശേഷതകൾ

- കുട്ടികളുടെ ആശയങ്ങളെ മാനിക്കൽ.
- സാമൂഹിക നൈപുണ്യങ്ങൾ വളർത്തുന്നതിനുള്ള അവസരങ്ങൾ നൽകൽ.
- ക്ലാസ് മുറിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കൽ.

ചർച്ച ചെയ്ത് പഠിക്കാം

- നിരീക്ഷിച്ചു ചർച്ച ചെയ്യുക.
- ചോദ്യങ്ങളിലൂടെ ചർച്ച ചെയ്യുക.
- ബന്ധപ്പെടുത്തി ചർച്ച ചെയ്യുക.

വരൂ, പങ്കുവെക്കാം

- ബഹുസ്വരതയെ മാനിക്കൽ
- മറ്റുള്ളവരുടെ സ്ഥാനത്ത് നിന്ന് ചിന്തിച്ചു നോക്കൽ.
- ആത്മവിശ്വാസത്തോടെ ആശയങ്ങൾ പ്രകടിപ്പിക്കൽ.

വരൂ വരയ്ക്കാം / വരൂ പാടാം / വരൂ അഭിനയിക്കാം

- കലകളുടെ സംയോജനം.
- സർഗ്ഗാത്മകത.
- ചേർന്ന് പഠിക്കൽ (കൂട്ടായ പഠനം).

വരൂ എഴുതാം

- ആശയവിനിമയം.
- സംഭവങ്ങളെ ക്രമപ്പെടുത്തൽ.
- ആശയങ്ങൾ പ്രകടിപ്പിക്കൽ.

നൈപുണ്യ അടിസ്ഥാനത്തിലുള്ള സമഗ്ര വിലയിരുത്തൽ (Comprehensive Assessment)

മനഃപാഠം ചെയ്യുന്നതിനെ മാത്രം അടിസ്ഥാനമാക്കാതെ; നിരീക്ഷണം, പങ്കാളിത്തം, ലളിതമായ ആവിഷ്കാരം തുടങ്ങിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി തുടർച്ചയായതും സമഗ്രവുമായ ഒരു വിലയിരുത്തലാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്

പഠനമായുള്ള വിലയിരുത്തൽ

ഓരോ പ്രധാന പാഠഭാഗത്തിന് ശേഷവും

- വായമൊഴി പരീക്ഷ
- പ്രോജക്റ്റ് വർക്ക്
- എഴുത്തുപരീക്ഷ എന്നിങ്ങനെ വിവിധ മൂല്യനിർണ്ണയ രീതികൾ ഉപയോഗിച്ച് വിലയിരുത്തൽ നടത്തുന്നു.

സ്വയം വിലയിരുത്തൽ

ഓരോ യൂണിറ്റിന്റെയും അവസാനം, വിദ്യാർത്ഥികൾക്ക് തങ്ങളുടെ പുരോഗതി സ്വയം വിലയിരുത്തുന്നതിനുള്ള അവസരം നൽകുന്നു.

ഈ പ്രൈമറി തലത്തിൽ കുട്ടികൾ തങ്ങളുടെ ചുറ്റുപാടുകളെ വ്യവസ്ഥാപിതമായ രീതിയിൽ ശ്രദ്ധിക്കാനും ചോദ്യങ്ങൾ ചോദിക്കാനും മനസ്സിലാക്കാനും തുടങ്ങുന്നു. ഈ സോഷ്യൽ സയൻസ് പാഠപുസ്തകം കുട്ടികളിൽ സാമൂഹിക താൽപ്പര്യവും ബഹുസ്വരതയെ ബഹുമാനിക്കാനുള്ള മനോഭാവവും സമൂഹത്തോടും പരിസ്ഥിതിയോടുമുള്ള ഉത്തരവാദിത്തബോധവും വളർത്താൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഉള്ളടക്കം

യൂണിറ്റ് – 1

സുമതിയും കൂട്ടുകാരും

സുമതിയുടെ കുടുംബം 139

അഴകന്റെ കുടുംബം 145

ഭാനുവിന്റെ കുടുംബം 147

എന്റെ ക്ലാസ് മുറി 150





യൂണിറ്റ് – 2

സുമതിയുടെ ഗ്രാമത്തിൽ 156

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ... 161

ഗ്രന്ഥശാലയിൽ... 163

അടിയന്തര സഹായത്തിന്... 167

ജനങ്ങളെ സംരക്ഷിക്കാൻ... 169

e-book i-book

യൂണിറ്റ് 1

സുമതിയും കൂട്ടുകാരും

സുമതി

അഴകൻ

ഭാനു

സുമതി, അഴകൻ, ഭാനു എന്നിവർ മൂന്നുപേരും സുഹൃത്തുക്കളാണ്. അവർ മൂന്നാം ക്ലാസ്സിൽ പഠിക്കുന്നു. കടലൂരിലാണ് അവർ താമസിക്കുന്നത്.

സുമതിയുടെ കുടുംബം

ചർച്ച ചെയ്ത് പഠിക്കാം

കുട്ടികളുടെ സവിശേഷമായ കഴിവുകൾ/താൽപ്പര്യങ്ങൾ കണ്ടെത്തി, അവ വളർത്തുന്നതിനുള്ള വഴികളെക്കുറിച്ച് ക്ലാസ് മുറിയിൽ ചർച്ച ചെയ്യുക.

വരൂ, സംസാരിക്കാം

കലോത്സവത്തിൽ നിങ്ങൾ ഏതൊക്കെ മത്സരങ്ങളിലാണ് പങ്കെടുക്കുക? എന്തുകൊണ്ട്?

തെരഞ്ഞെടുക്കാം

നിങ്ങൾക്ക് ഇഷ്ടപ്പെട്ടവയ്ക്ക് (✓) അടയാളം ഇടുക.

വരൂ, എഴുതാം

നിങ്ങൾക്ക് ഇഷ്ടപ്പെട്ടവ	നിങ്ങൾ രണ്ടു പേർക്കും ഇഷ്ടപ്പെട്ടവ	നിങ്ങളുടെ കൂട്ടുകാരന് ഇഷ്ടപ്പെട്ടവ
നൃത്തം ചെയ്യൽ	കഥ കേൾക്കൽ	സംസാരിക്കൽ

കണ്ടുപിടിക്കാം

സൂചനകൾ ഉപയോഗിച്ച് കഴിവുകൾ കണ്ടെത്തി എഴുതുക.

(നൃത്തം ചെയ്യുക, വരയ്ക്കുക, കടങ്കഥ പറയുക, അഭിനയിക്കുക, പേപ്പർ രൂപങ്ങൾ ഉണ്ടാക്കുക, പാട്ട് പാടുക)

മധുരമുള്ള സ്വരം!
കേൾക്കാൻ ഇഷ്ടപ്പെടും!
കേട്ട് സന്തോഷിക്കും!

കാലുകൾ ആടും!
കൈകൾ ചലിക്കും!
കണ്ണുകൾ സംസാരിക്കും!

വർണ്ണം എടുക്കും!
ആകൃതി നൽകും!
രൂപം നിർമ്മിക്കും!

ചോദ്യങ്ങൾ ചോദിക്കും!
സൂചനകൾ നൽകും!
ചിന്തിപ്പിക്കും

പേപ്പർ എടുക്കും!
മടക്കി ഒട്ടിക്കും!
ഭംഗിയുള്ള വസ്തുക്കൾ
നിർമ്മിക്കും!

അധ്യാപക സഹായി

പുതിയ കടങ്കഥകൾ നിർമ്മിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും, അത് ക്ലാസ്റൂമിലെ കലാവേദിയിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

നമുക്ക് ചർച്ച ചെയ്ത് പഠിക്കാം.

അതിഥികളെ സ്വാഗതം
ചെയ്യുന്നതിനായി
സുമതി വീട് വൃത്തിയാക്കുന്നു.
ജ്യേഷ്ഠൻ വീട് അലങ്കരിച്ചു
കൊണ്ടിരിക്കുന്നു.
മുത്തശ്ശി പാചകത്തിന് സഹായിക്കുന്നു.
മുത്തശ്ശൻ കടയിൽ പോയി
സാധനങ്ങൾ വാങ്ങി വരുന്നു
എല്ലാവരും
തങ്ങളുടെ ജോലികൾ
സന്തോഷത്തോടെ
പങ്കിട്ടു ചെയ്യുന്നു



അതിഥികളെ സ്വാഗതം ചെയ്യുക, സൽക്കരിക്കുക, ജോലികൾ പങ്കിട്ടു ചെയ്യുക എന്നിവയെക്കുറിച്ച് കുട്ടികളുമായി സംവദിക്കാനും, ജോലികൾ പങ്കിട്ടു ചെയ്യുന്നത് ഉത്തമമാണെന്ന് സമാഹരിച്ചു പറയാനും വേണ്ടിയുള്ളതാണ് ഈ ഭാഗം.

ആര് കഴുകിയാലും
പാത്രം തിളങ്ങും

പരിശീലിക്കാം

അതിഥികളെ സ്വീകരിക്കുന്ന ചടങ്ങുകൾ ക്രമമനുസരിച്ച് എഴുതുക.

(നന്ദി പറഞ്ഞ് യാത്രയാക്കുക, കുടിക്കാൻ വെള്ളം നൽകുക, ഭക്ഷണം വിളമ്പുക, നമസ്തേ പറഞ്ഞ് സ്വാഗതം ചെയ്യുക)



1. _____ 2. _____

3. _____ 4. _____

എഴുതാം വരൂ

ആരാണ് ചെയ്തത്? എന്ന് എഴുതുക.

പച്ചക്കറി വാങ്ങിയവർ _____

പാചകം ചെയ്തവർ _____

തോരണം കെട്ടിയവർ _____

അഭിനയിക്കാം വരൂ

നിങ്ങളുടെ വീട്ടിലേക്ക് അതിഥികൾ വരുന്നതായും അവരെ നിങ്ങൾ സ്വീകരിക്കുന്നതായും ഗ്രൂപ്പായി അഭിനയിച്ചുകാണിക്കുക.

സുമതിയുടെ കുടുംബചിത്രം



കുട്ടികളെ അവരുടെ സ്വന്തം കുടുംബ ചിത്രം വരയ്ക്കാൻ സഹായിക്കുകയും അത് ക്ലാസ്റൂമിലെ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

സംസാരിക്കാം വരൂ

സുമതിയുടെ കുടുംബ ചിത്രം നോക്കി ചർച്ച ചെയ്യുക.

എഴുതാം വരൂ

i) സുമതിക്ക് സുന്ദർ ആരാണ്? എന്ത് ബന്ധമാണ്? _____

ii) സുമതിയുടെ അച്ഛനും സുധയുടെ ജ്യേഷ്ഠനും ഒരാളാണെങ്കിൽ, അദ്ദേഹം സുന്ദറിന് ആരാണ്? _____

അ) ചെറിയച്ഛൻ ആ) മുത്തച്ഛൻ ഇ) അച്ഛൻ ഈ) ജ്യേഷ്ഠൻ

iii) സുമതിയുടെ അച്ഛൻ അരുൺ. അരുണിന്റെ അമ്മ ശങ്കരി. എങ്കിൽ ശങ്കരി സുമതിക്ക് ആരാണ്? _____

സുമതിയുടെ കുടുംബ ചിത്രം നോക്കി കൂടുതൽ ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

അഴകന്റെ കുടുംബം

ചർച്ച ചെയ്ത് പഠിക്കാം

അഴകൻ കടൽതീരത്ത് മണൽ വീട് കെട്ടി കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അച്ഛൻ വരുന്നത് കണ്ടതും അവൻ ഓടിവന്ന് സന്തോഷത്തോടെ തുള്ളിച്ചാടി.

'അമ്മേ, മുത്തച്ഛാ, മുത്തശ്ശി, ചെറിയച്ഛാ, ചെറിയമ്മ, വാവേ... എല്ലാവരും വരൂ! ഇതാ അച്ഛൻ വന്നുകഴിഞ്ഞു!' എന്ന് അവൻ എല്ലാവരെയും വിളിച്ചു.

അച്ഛൻ മീൻ വിറ്റ പണം കൊണ്ട് കുറെ സാധനങ്ങൾ വാങ്ങി വന്നിരുന്നു. കയ്യിലുണ്ടായിരുന്ന ബാക്കി പണം അദ്ദേഹം അമ്മയെ ഏൽപ്പിച്ചു. ഇത് കണ്ട്, 'ഇത് ഈ മാസത്തെ സമ്പാദ്യമായി വയ്ക്കാം' എന്ന് അമ്മ പറഞ്ഞു.

അന്ന് വൈകുന്നേരം എല്ലാവരും അച്ഛനോടൊപ്പം ചേർന്ന് പാട്ടു പാടി കളിച്ചു.

വിവിധ ഭൂപ്രകൃതികളിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതരീതിയെക്കുറിച്ചും, കുടുംബമായി ഒത്തുചേർന്ന് സന്തോഷമായി ഇരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുക.

കണ്ടെത്താം

അഴകൻ തന്റെ വീട്ടിൽ കളിച്ച കളി കളിക്കൂ.

തുള്ളിച്ചാടി ഓടി വാ
സൂചനകൾ എടുത്ത് ചുറ്റി വാ
സൂചനയ്ക്കുള്ള ബന്ധുവിനെ
കണ്ടെത്തി ചേർക്കാൻ വാ



ഇതാ നിങ്ങൾക്കായി ചില സൂചനകൾ:

1. നിങ്ങളുടെ മാതാപിതാക്കളുടെ മൂത്ത മകൻ നിങ്ങൾക്ക് ആരാണ്?

_____

2. അച്ഛന്റെ അനിയത്തി നിങ്ങൾക്ക് ആരാണ്? _____

3. അച്ഛന്റെ അമ്മ നിങ്ങൾക്ക് ആരാണ്? _____

4. _____

5. _____

അധ്യാപക സഹായി

മുകളിൽ കൊടുത്തിട്ടുള്ളത് പോലെ കൂടുതൽ സൂചനകൾ നിർമ്മിക്കാനും കളികളിൽ ഏർപ്പെടാനും കുട്ടികളെ സഹായിക്കുക.

വരൂ സംസാരിക്കാം

നിങ്ങളുടെ ബന്ധുക്കളോടൊപ്പം ഒത്തുചേർന്ന് കളിച്ച അനുഭവങ്ങളെക്കുറിച്ച് പറയുക.

വരൂഎഴുതാം

നിങ്ങളുടെ ബന്ധുക്കളെ നിങ്ങൾ എങ്ങനെ വിളിക്കുമെന്ന് എഴുതുക.

മുത്തശ്ശി – അപ്പച്ചീ, അമ്മുമ്മ, _____

മുത്തച്ഛൻ – _____

ചെറിയച്ഛൻ - _____

അമ്മാവൻ – _____

അമ്മായി – _____

ചെറിയമ്മ - _____

ഭാനുവിന്റെ കുടുംബം

നമുക്ക് ചർച്ച ചെയ്ത് പഠിക്കാം

ഞങ്ങളുടെ വീട്ടിൽ ഞാൻ, അമ്മ, സിട്ടു, കിട്ടു, നിക്കി എന്നിവരാണുള്ളത്.

സിട്ടു ഞങ്ങളുടെ ഓമനയായ നായ്ക്കുട്ടിയാണ്. കിട്ടുവും നിക്കിയും ഞങ്ങളുടെ പൂച്ചക്കുട്ടികളാണ്.

എന്റെ അമ്മ ബാങ്ക് മാനേജരാണ്.

അമ്മയോടൊപ്പമാണ് ഞാൻ സ്കൂളിൽ പോകുന്നത്.

അമ്മ വരുന്നത് വരെ ഞങ്ങൾ ഒരുമിച്ച് കളിക്കും.

അവധി ദിവസങ്ങളിൽ ഞാനും അമ്മയും ലൈബ്രറിയിൽ പോകാറുണ്ട്.

അമ്മ ഞങ്ങളുടെ ഇഷ്ടങ്ങൾ മനസ്സിലാക്കുന്നു. അവധി ദിവസങ്ങളിൽ ഞങ്ങൾ എല്ലാവരും പാർക്കിൽ പോകും. ഞങ്ങൾക്ക് എല്ലാം അമ്മയാണ്.

അധ്യാപക സഹായി

കുട്ടികൾ തങ്ങളുടെ കുടുംബാംഗങ്ങളോടൊപ്പം സന്തോഷമായിരുന്ന നിമിഷങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക..

വരൂ സംസാരിക്കാം

നിങ്ങളുടെ വീട്ടിൽ വളർത്തുന്ന / വളർത്താൻ ആഗ്രഹിക്കുന്ന വളർത്തുമൃഗങ്ങൾ ഏതെല്ലാമാണ്?

നിങ്ങളുടെ ബന്ധുക്കളോടൊപ്പം പോകാൻ ഇഷ്ടപ്പെട്ട സ്ഥലങ്ങൾ ഏതെല്ലാമാണ്?

വരൂ എഴുതാം

എന്റെ അമ്മ വളരെ സ്നേഹിക്കുന്ന വ്യക്തിയാണ്
എനിക്ക് വളരെ ഇഷ്ടപ്പെടുന്ന വ്യക്തിയാണ്
വളർത്തുമൃഗങ്ങളെ പരിപാലിക്കുന്ന വ്യക്തിയാണ്
ഞങ്ങളുടെ ഇഷ്ടം അറിയുന്ന വ്യക്തിയാണ്
സ്നേഹത്തോടെ നോക്കുന്ന വ്യക്തിയാണ്

ഞങ്ങളുടെ _____

_____

_____

_____

അധ്യാപക സഹായി

തങ്ങൾക്ക് ഇഷ്ടപ്പെട്ട കുടുംബാംഗത്തെക്കുറിച്ച് എഴുതാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

വരൂ വരയ്ക്കാം

നിനക്ക് ഇഷ്ടപ്പെട്ട വളർത്തുമൃഗത്തെ വരച്ച് നിറം നൽകി പേരിടുക.

പഠനയാത്ര

1. അഴകന്റെ കുടുംബ ചിത്രം നിരീക്ഷിച്ച് ഉത്തരം നൽകുക.

(ചെറിയമ്മ, മകൾ, വലിയമ്മ, ചെറിയച്ഛൻ, മുത്തച്ഛൻ)

1. ശെൽവം എന്ന വ്യക്തിയ്ക്ക് മീനയുമായുള്ള ബന്ധം എന്ത്? _____.
2. ജയ മുത്തശ്ശിയുടെ ഭർത്താവ്, അഴകന് ആരാണ്? _____.
3. മീന, കവിതയെ എങ്ങനെ വിളിക്കും? _____.
4. അഴകന് മാലയുമായുള്ള ബന്ധം എന്ത്? _____.
5. അഴകൻ, ശെൽവത്തെ എങ്ങനെ വിളിക്കും? _____.

2. വായ്മൊഴി ചോദ്യം

കുടുംബ സംഗമത്തിൽ കണ്ടുമുട്ടിയ ബന്ധുക്കളെക്കുറിച്ച് ക്ലാസ് മുറിയിൽ പങ്കുവെയ്ക്കുക.

3. പ്രായോഗിക പ്രവർത്തനം

പത്രങ്ങൾ ഉപയോഗിച്ച് ഒരു ഫോട്ടോ ഫ്രെയിം നിർമ്മിക്കുക. അതിൽ കുടുംബ ചിത്രം ഒട്ടിച്ച് ക്ലാസ് മുറിയിലെ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുക.

ഞാൻ പഠിച്ചവ

ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾക്ക് ☆ നിറം നൽകും.

1. കുടുംബ ബന്ധങ്ങൾ മനസ്സിലാക്കി ബന്ധുക്കളുടെ പേരുകൾ പറയും. ☆
2. എന്റെ കഴിവ് തിരിച്ചറിയും: അത് വെളിപ്പെടുത്തും. ☆

എന്റെ ക്ലാസ് മുറി

ചർച്ചയിലൂടെ പഠിക്കാം

അധ്യാപിക ക്ലാസ് മുറിയിലേക്ക് പ്രവേശിച്ചു, വിദ്യാർത്ഥികൾ വന്ദനം പറഞ്ഞു. പ്രഭാത അസംബ്ലിയിൽ, മികച്ച ക്ലാസ് മുറിക്ക് ഹെഡ്മാസ്റ്റർ സമ്മാനം നൽകാൻ പോകുന്നതായി അറിയിച്ചിരുന്നു.

സമ്മാനം ലഭിക്കുന്നതിന് നമ്മൾ എന്താണ് ചെയ്യേണ്ടത്?

ഓരോരുത്തരും ഓരോ കാര്യങ്ങൾ പറഞ്ഞു. പട്ടിക നീണ്ടുപോയി. ക്ലാസ് മുറിയിൽ ചെയ്യേണ്ടവ എന്നും ചെയ്യാൻ പാടില്ലാത്തവ എന്നും അധ്യാപിക വേർതിരിച്ച് എഴുതി.

ക്ലാസ് മുറിയിൽ

ചെയ്യേണ്ടവ	ചെയ്യാൻ പാടില്ലാത്തവ
ക്ലാസ്സിൽ കൃത്യസമയത്ത് എത്തുക.	മാലിന്യങ്ങൾ താഴെ ഇടരുത്.
മറ്റുള്ളവർ സംസാരിക്കുമ്പോൾ ശ്രദ്ധിച്ചു കേൾക്കുക.	മേശപ്പുറത്ത് വരയ്ക്കരുത്.
ക്ലാസ് മുറി വൃത്തിയായി സൂക്ഷിക്കുക.	കൂട്ടുകാരെ തള്ളരുത്.
ഒത്തൊരുമയോടെ ഇരിക്കുക.	വഴക്കിടരുത്.

ക്ലാസ്സ്റൂം നിയമങ്ങൾ പാലിക്കുന്നതിനോടൊപ്പം, ഒഴിവു സമയങ്ങളിൽ നിങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുകയാണെങ്കിൽ തീർച്ചയായും സമ്മാനം നേടാം എന്ന് അധ്യാപകൻ പറഞ്ഞു. കുട്ടികൾ ഓരോന്നായി പറയാൻ തുടങ്ങി.

കുട്ടികളെ അവരുടെ ക്ലാസ്സ്റൂമിന് അനുയോജ്യമായ നിയമങ്ങൾ രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കുക.

ഇഷ്ട നേരം

കഥ വായിക്കുന്നവർ പുസ്തകങ്ങൾ പരസ്പരം കൈമാറി.



ചിത്രം വരയ്ക്കുന്നവർ ചായങ്ങൾ (നിറങ്ങൾ) പരസ്പരം കൈമാറി.

കുട്ടികൾ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. എങ്കിലും, ക്ലാസ്സ് മുറി ശാന്തമായിരുന്നു.

അധ്യാപകൻ സന്തോഷിച്ചു. പുതിയ പരിശ്രമം വിജയിച്ചു!

ഇനി ആഴ്ചയിൽ ഒരു മണിക്കൂർ കുട്ടികൾക്കായി 'ഇഷ്ട നേരം ആയിരിക്കും!

നിങ്ങൾക്കറിയാമോ?

കലോത്സവ മത്സരങ്ങളിൽ സംസ്ഥാന തലത്തിൽ വിജയിച്ചാൽ 'കലയരശൻ', 'കലയരസി' എന്നീ അവാർഡുകൾ ലഭിക്കും.

വരൂ, സംസാരിക്കാം

നിങ്ങളുടെ 'ഇഷ്ട നേരം' നിങ്ങൾ എന്താണ് ചെയ്യുക?

വരൂ എഴുതാം

ബാബു പാട്ട് പാടി.

പല്ലവി പല്ലാങ്കുഴി കളിച്ചു.

മറിയ മാല കെട്ടി.

ചിത്ര ചിത്രം വരച്ചു.

ഞാൻ, _____

_____

_____

_____

_____

കുട്ടികൾ അവരുടെ സുഹൃത്തുക്കളോടൊപ്പം ഒഴിവുസമയത്ത് ചെയ്യുന്ന പ്രവൃത്തികൾ എഴുതാൻ പ്രോത്സാഹിപ്പിക്കുക.

തെരെഞ്ഞെടുക്കാം

ക്ലാസ് മുറിയിലെ സംഭവങ്ങൾ നിരീക്ഷിച്ച്, ശരിയായ പ്രവൃത്തിക്ക് ശരി (✓) അടയാളം ഇടുക.

ചിന്തിച്ച് എഴുതാം

വരികൾ വായിക്കുക; ഉത്തരം തെരെഞ്ഞെടുക്കുക!

- ഡേവിഡ് എല്ലാ ദിവസവും ചിത്രം വരയ്ക്കാൻ ആഗ്രഹിക്കുന്നു.
- കല എല്ലാ ദിവസവും ഓട്ടത്തിന് പരിശീലനം നടത്തുന്നു.

1. ഡേവിഡ് വളർത്തിയെടുക്കാൻ ആഗ്രഹിക്കുന്ന കഴിവ് ഏത്?

അ) കായികം ആ) വരയ്ക്കൽ

ഇ) വായന ഈ) കരകൗശല വസ്തുക്കൾ നിർമ്മിക്കൽ

2. കല ഏത് മത്സരത്തിൽ വിജയിക്കാനാണ് പരിശീലനം നടത്തുന്നത്?

അ) ഓട്ടമത്സരം ആ) പാട്ടു മത്സരം

ഇ) പ്രസംഗ മത്സരം ഈ) ചിത്രരചനാ മത്സരം

പഠനയാത്ര

1. സൂചനകൾ കണ്ടെത്തി ശരിയായ പദങ്ങൾ കോളങ്ങളിൽ പൂരിപ്പിക്കുക.

(അഭിനയം, പാട്ട്, നൃത്തം, ചിത്രം, സൃഷ്ടി)

മുകളിൽ നിന്ന് താഴേക്ക്:

1. കഥാപാത്രമായി മാറുന്നത്.
2. മധുരമായ ശബ്ദത്തിൽ പാടുന്നത്.
3. ചിത്രങ്ങൾ മനോഹരമായി വരയ്ക്കുന്നത്.

ഇടത്തുനിന്ന് വലത്തേക്ക്:

4. സംഗീതത്തിനനുസരിച്ച് ശരീരം ചലിപ്പിച്ചു ആടുന്നത്.
5. പുതിയതായി ഒന്ന് നിർമ്മിക്കുന്നത്



2. വായ്മൊഴി ചോദ്യം

നിങ്ങൾ വീട്ടിൽ ചെയ്യാൻ ഇഷ്ടപ്പെടുന്ന പ്രവൃത്തികളെക്കുറിച്ച് പങ്കുവെക്കുക.

3. പ്രായോഗിക പ്രവർത്തനം

നിങ്ങളുടെ സുഹൃത്തുക്കളോടൊപ്പം ചേർന്ന് ക്ലാസ് മുറിയിലെ നിയമങ്ങൾ ചാർട്ട്പേപ്പറിൽ എഴുതി ക്ലാസ് മുറിയിലെ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുക.

കുട്ടികൾ ചാർട്ട് പേപ്പറിൽ അവരുടെ ക്ലാസ് മുറിയിലെ നിയമങ്ങൾ എഴുതി ചർച്ച ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

ഞാൻ പഠിച്ചവ

ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾക്ക് ★ നിറം നൽകും.

1. മറ്റുള്ളവരുമായി പങ്കിട്ടു ചെയ്യുന്ന ജോലികളിൽ സന്തോഷത്തോടെ പങ്കുചേരും. ★
2. ക്ലാസ് മുറിയിലെ നിയമങ്ങൾ അറിഞ്ഞ് അവ പാലിക്കും. ★

ഞാൻ ചെയ്യും

1. നിലയുടെ കുടുംബ ചിത്രം നിരീക്ഷിച്ച് ഉത്തരം നൽകുക.



1) നിലയുടെ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം _____.

2) ഇനിയയുടെ അമ്മാവന്റെ മകൾ _____.

3) അൻപു, കുമരേശൻ എന്ന വ്യക്തിയുടെ _____.

4) കുയിലി എന്ന വ്യക്തി വിക്രം എന്ന വ്യക്തിയുടെ _____.

5) നിലയുടെ അമ്മായിടെ കൂടെ ജനിച്ച സഹോദരൻ ഇനിയയ്ക്ക് ആരാണ്? _____.

2. വായ്മൊഴി ചോദ്യം

നിങ്ങളുടെ വീട്ടിൽ എല്ലാവരും ചേർന്ന് പങ്കിട്ട് ചെയ്യുന്ന ജോലികൾ ഏതെല്ലാം? നിങ്ങൾ അവരെ എങ്ങനെ സഹായിക്കും? എന്ന് പറയുക.

3. പ്രായോഗിക പ്രവർത്തനം

1. നിങ്ങളുടെ കുടുംബാംഗങ്ങളുടെ രൂപങ്ങൾ വിരൽ പാവകളായി നിർമ്മിക്കുക. അതിൽ അവരുടെ പേരുകൾ എഴുതി ക്ലാസ് മുറിയിലെ ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുക.

2. നിങ്ങളുടെ ക്ലാസ് മുറി അലങ്കരിക്കാൻ ആവശ്യമായ വസ്തുക്കൾ (ചിത്രങ്ങൾ / കരകൗശല വസ്തുക്കൾ) നിർമ്മിച്ച് കൊണ്ടുവരിക.

യൂണിറ്റ് 2

സുമതിയുടെ ഗ്രാമത്തിൽ

ചർച്ചയിലൂടെ പഠിക്കാം

അമ്മായി, നമുക്ക് നാളെ ക്യാമ്പിലേക്ക് പോകാം.

അമ്മേ, ഞാനും വരുന്നുണ്ട്.

ശരി സുമതി, നീയും പോയാൽ ക്യാമ്പിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാം.

അച്ഛാ, ക്യാമ്പിലേക്ക് എങ്ങനെയാണ് പോകുന്നത്?

അമ്മയ്ക്ക് വഴി അറിയാമല്ലോ!

എങ്കിലും എനിക്ക് സ്വന്തമായി വഴി കണ്ടുപിടിക്കണം അച്ഛാ.

ശരി.. ഞാൻ വഴി വരച്ചു തരാം. അത് നോക്കി പൊയ്ക്കോളൂ!

അധ്യാപക സഹായി

നിങ്ങളുടെ ഗ്രാമത്തിലോ, സ്കൂളിലോ നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നതിനെക്കുറിച്ചും, വിറ്റാമിൻ ഗുളികകൾ വിതരണം ചെയ്യുന്നതിനെക്കുറിച്ചും, കണ്ണ് പരിശോധന നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുക.

സുമതിക്ക് അച്ഛൻ വരച്ചു നൽകുന്ന ഭൂപടത്തിൽ സ്കൂൾ, പോസ്റ്റ് ഓഫീസ്, കുളം തുടങ്ങിയ സ്ഥലങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്നത് കാണാം. ഇതോടെ ആ പാഠഭാഗം പൂർത്തിയാകുന്നു. വേറെ എന്തെങ്കിലും സഹായം വേണോ?

കണ്ടെത്താം

സുമതിയുടെ വീട്ടിൽ നിന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്കുള്ള വഴി നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക. → വലത്

1. സുമതിയുടെ വീട്ടിൽ നിന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്കുള്ള വഴി ഭൂപടത്തിൽ വരച്ചു കാണിക്കുക.
2. ഭാനുവിന്റെ വീട്ടിൽ നിന്ന് റേഷൻ കടയിലേക്ക് (ന്യായവില്പന കട) ഏത് കെട്ടിടത്തിലൂടെ പോയാൽ വേഗത്തിൽ എത്താം? _____
3. സ്കൂളിന് വലതുവശത്തുള്ള കെട്ടിടം ഏതാണ്?

   _____
4. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഇടതുവശത്തുള്ള സ്ഥലം ഏതാണ്?

   _____
5. ഭാനുവിന്റെ വീടിന് അടുത്തുള്ള കെട്ടിടം ഏതാണ്? _____
6. സുമതിയുടെ വീട്ടിൽ നിന്ന് ഏറ്റവും ദൂരെയുള്ള കെട്ടിടം ഏതാണ്?

   _____.
7. സുമതിയുടെ വീട്ടിൽ നിന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് പോകുന്ന വഴിയിലുള്ള സ്ഥലങ്ങൾ (✓) അടയാളപ്പെടുത്തുക.

അധ്യാപക സഹായി

ഭൂപടം മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുക.

വരൂ എഴുതാം

1. പരസ്യം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.



1. പ്രത്യേക മെഡിക്കൽ ക്യാമ്പ് നടക്കുന്ന തീയതി ഏത്?

_____

2. പ്രത്യേക മെഡിക്കൽ ക്യാമ്പ് നടക്കുന്ന സമയം ഏതാണ്?

_____

3. പ്രത്യേക മെഡിക്കൽ ക്യാമ്പ് നടക്കുന്ന സ്ഥലം ഏതാണ്?

_____

4. പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്തുന്ന വകുപ്പിന്റെ പേര് എഴുതുക.

_____

5. ക്യാമ്പിൽ നടത്തുന്ന പരിശോധനകൾ ഏതെല്ലാമെന്ന് എഴുതുക.

_____

2. പരസ്യം പൂർത്തിയാക്കുക.

തമിഴ്നാട് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടത്തുന്ന

പരിസ്ഥിതി ബോധവൽക്കരണ ക്യാമ്പ്

തീയതി: .....

സമയം: .....

സ്ഥലം: .....

പ്രത്യേകതകൾ:

....

....

ഇന്നത്തെ വിത്ത്...
നാളത്തെ വനം!

അധ്യാപക സഹായി

പരസ്യ ബോർഡ് തയ്യാറാക്കാൻ വിദ്യാർഥികളെ സഹായിക്കുക.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ...

ചർച്ചയിലൂടെ പഠിക്കാം



സുമതി, അമ്മ, മുത്തശ്ശി ഇവർ മൂന്നു പേരും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നടക്കുന്ന പ്രത്യേക മെഡിക്കൽ ക്യാമ്പിലേക്ക് പോകുന്നു.



ക്യാമ്പിൽ പേര് രജിസ്റ്റർ ചെയ്യുന്നു. ടോക്കൺ കൈപ്പറ്റുന്നു. തുടർന്ന് കണ്ണ് പരിശോധനാ വിഭാഗത്തിലേക്ക് പോകുന്നു.



മുത്തശ്ശിയുടെ ഊഴം വന്നു. നേത്രരോഗ വിദഗ്ധൻ അമ്മൂമ്മയെ പരിശോധിക്കുന്നു. കണ്ണട ധരിക്കാൻ നിർദ്ദേശിക്കുന്നു.



കണ്ണിലൊഴിക്കുന്ന മരുന്നും വാങ്ങി അവർ വീട്ടിലേക്ക് മടങ്ങി.

അധ്യാപക സഹായി

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികളുമായി ചർച്ച ചെയ്യുക.

തെരെഞ്ഞെടുക്കാം

പ്രാഥമിക ആരോഗ്യ കേന്ദ്രം, ആശുപത്രി എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് (✓)ചിഹ്നമിടുക.




വരൂ എഴുതാം

ജോലികൾക്ക് അനുയോജ്യരായ ഉദ്യോഗസ്ഥരെ എടുത്തെഴുതുക.
(ആംബുലൻസ് ഡ്രൈവർ, ഫാർമസിസ്റ്റ്, നഴ്സ്, ഡോക്ടർ).

1. പരിശോധന നടത്തുന്നയാൾ - _____
2. രോഗികളെ സഹായിക്കുന്നയാൾ - _____
3. മരുന്നുകൾ നൽകുന്നയാൾ - _____
4. ജീവൻരക്ഷാ വാഹനം (ആംബുലൻസ്)
   ഓടിക്കുന്നയാൾ - _____

വായനശാലയിൽ...

ചർച്ചയിലൂടെ പഠിക്കാം

മുത്തശ്ശി പുതിയ കണ്ണട ധരിച്ചുകൊണ്ട് സുമതിയോടൊപ്പം വായനശാലയിലേക്ക് പോകുന്നു.

മുത്തശ്ശി വായനശാലയിലെ അധികാരിയോട് അംഗത്വ ഫോം ചോദിക്കുന്നു.

അപേക്ഷാഫോം പൂരിപ്പിക്കാൻ സുമതിയെ മുത്തശ്ശി സഹായിക്കുന്നു.

മുത്തശ്ശിയും സുമതിയും ചിത്രകഥ വായിക്കുന്നു.

അധ്യാപക സഹായി

ഗ്രന്ഥശാലയിൽ പോകുന്നത് നല്ലൊരു ശീലമാണെന്നും, അവിടെ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും കുട്ടികളുമായി ചർച്ച ചെയ്യുക.

നിങ്ങൾക്കറിയാമോ?

ഏഷ്യയിലെ രണ്ടാമത്തെ വലിയ വായനശാലയാണ് ചെന്നൈയിലുള്ള അണ്ണാ ശതാബ്ദി വായനശാല.

വായിക്കാം! പങ്കിടാം!

വായനശാലയിൽ നിന്ന് വായിച്ച കഥാപുസ്തകത്തിന്റെ പേരും, രചയിതാവിന്റെ പേരും, തനിക്കിഷ്ടപ്പെട്ട കഥാപാത്രത്തെക്കുറിച്ചും സുമതി തന്റെ അമ്മയോട് പങ്കുവെച്ചു.

നിങ്ങൾ വായിച്ച പുസ്തകത്തെക്കുറിച്ച് പങ്കുവെയ്ക്കുക!

പുസ്തകത്തിന്റെ പേര്: _____

രചയിതാവിന്റെ പേര് _____

കഥയിൽ എനിക്കിഷ്ടപ്പെട്ട വ്യക്തി: _____

പാടാം! എഴുതാം!

ഗ്രന്ഥശാലയിൽ പോകാം
കഥകൾ വായിക്കാം
ഗ്രന്ഥശാലയിൽ പോകാം
ചിത്രങ്ങൾ കാണാം _____
ഗ്രന്ഥശാലയിൽ പോകാം
നിശബ്ദത_____
ഗ്രന്ഥശാലയിൽ പോകാം
_____വളർത്താം!

വരൂ എഴുതാം!

ഗ്രന്ഥശാലയിൽ കാണപ്പെടുന്ന അറിയിപ്പുകൾ

പുസ്തകം എടുത്ത സ്ഥാനത്ത് തന്നെ തിരികെ വയ്ക്കുക.

പഠനയാത്ര

1. ചിത്രം നോക്കി വിശദീകരണം നൽകുക.

ദിവസം	ഗ്രന്ഥശാല സന്ദർശിച്ചവർ
ഞായർ	
തിങ്കൾ	
ചൊവ്വ	
ബുധൻ	
വ്യാഴം	

i) ഏറ്റവും കൂടുതൽ ആളുകൾ ഗ്രന്ഥശാല സന്ദർശിച്ച ദിവസം ഏതാണ്? _____.

ii) ബുധനാഴ്ച എത്ര പേർ സന്ദർശനം നടത്തി? _____

iii) ഏതെല്ലാം ദിവസങ്ങളിലാണ് തുല്യമായ എണ്ണം ആളുകൾ സന്ദർശനം നടത്തിയത്? _____

2. വാമൊഴി ചോദ്യം

ആരോഗ്യം ശരിയല്ലെങ്കിൽ നമ്മൾ എന്ത് ചെയ്യണം?

3. പ്രവർത്തന പദ്ധതി

ചിത്രത്തിൽ കാണുന്നത് പോലെ ഒരു ചെറിയ കൈപ്പുസ്തകം നിർമ്മിച്ച് അത് ക്ലാസ്റൂം ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുക.

കണ്ടെത്താം

ഭൂപടം നോക്കി ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. ഭാനു സ്കൂളിലേക്ക് പോകുന്ന വഴി ഭൂപടത്തിൽ വരച്ചു കാണിക്കുക.
2. പോസ്റ്റ് ഓഫീസ് വട്ടമിട്ട് കാണിക്കുക.
3. ഷോപ്പിംഗ് കോംപ്ലക്സിന് വലതുവശത്തുള്ള കെട്ടിടം ഏതാണ്?

_____

4. കളിസ്ഥലത്തിന് അടുത്തുള്ള ചുവന്ന നിറത്തിലുള്ള കെട്ടിടം ഏതാണ്?

_____

5. പാർക്കിന് അടുത്തുള്ള സ്ഥലങ്ങൾ എഴുതുക.

_____, _____,

_____.

അടിയന്തര സഹായത്തിന്...

ചർച്ചയിലൂടെ പഠിക്കാം

അച്ഛാ, ഞാൻ ലൈബ്രറിയിൽ നിന്ന് വീട്ടിലേക്ക് മടങ്ങുന്ന വഴിയിൽ' ഉയ്യിങ്ങ്... ഉയ്യിങ്ങ്...' എന്ന് ശബ്ദമുണ്ടാക്കിക്കൊണ്ട് ഒരു വാഹനം വേഗത്തിൽ പോയി. അതിൽ 108 എന്ന് എഴുതിയിരുന്നു. അത് എന്ത് വാഹനമാണ് അച്ഛാ?'

അത് ആംബുലൻസ് (അടിയന്തര ചികിത്സാ വാഹനം) ആണ് സുമതി. അതിന് എല്ലാ വാഹനങ്ങളും നിർബന്ധമായും വഴിമാറിക്കൊടുക്കണം. അടിയന്തര വൈദ്യസഹായത്തിനുള്ള നമ്പറാണ് 108. ഇതുപോലെ മറ്റുചില ചില അടിയന്തര ആവശ്യങ്ങൾക്കായി സഹായ നമ്പറുകൾ ഉണ്ട്.

അവ ഏതൊക്കെയാണ് അച്ഛാ?

അടിയന്തര പോലീസ് സഹായത്തിന് 100.

അഗ്നിശമന സേനയ്ക്കും രക്ഷാപ്രവർത്തനങ്ങൾക്കും 101.

ഓ... ഈ നമ്പറുകൾ വളരെ എളുപ്പമാണല്ലോ!

അതെ, നിന്നെപ്പോലെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും വിദ്യാഭ്യാസ സംബന്ധമായ ഉപദേശങ്ങൾക്കും വരെ നമ്പറുകൾ ഉണ്ട്.

എനിക്കറിയാം! ഞങ്ങളുടെ എല്ലാ പുസ്തകങ്ങളിലും അതുണ്ടല്ലോ!

CHILD LINE 1098 NIGHT & DAY TOLL FREE

14417 Education Information Centre

മിടുക്കി സുമതി! ഈ അടിയന്തര സഹായ നമ്പറുകളിലേക്ക് വിളിക്കാൻ ചാർജ്ജ് ഈടാക്കില്ല.

വരൂ എഴുതാം

1. വാഹനങ്ങൾക്ക് അനുയോജ്യമായ അടിയന്തര സഹായ നമ്പറുകൾ എഴുതുക.

2. സാഹചര്യം വായിച്ച് ഉത്തരം എഴുതുക.

കെവിന്റെ കുടുംബാംഗങ്ങൾ വീട് പൂട്ടി മൂന്ന് ദിവസത്തേക്ക് വിനോദ യാത്ര പോയി. തിരികെ വന്നപ്പോൾ വീട്ടിലെ സാധനങ്ങൾ കാണാതായതായി അവർ ശ്രദ്ധിച്ചു. ഈ സാഹചര്യത്തിൽ കെവിന്റെ മാതാപിതാക്കൾ വിളിക്കേണ്ട സഹായ നമ്പർ ഏതാണ്? _____

3. സുമതി മനസ്സിലാക്കിയ അടിയന്തര സൗജന്യ സേവന നമ്പറുകൾ വട്ടമിട്ട് തെരഞ്ഞെടുത്ത് എഴുതുക.



വൈദ്യസഹായം _____

പോലീസ് സഹായം _____

അഗ്നിശമന സേന _____

കുട്ടികളുടെ സുരക്ഷ _____

വിദ്യാഭ്യാസ ഉപദേശം _____

ചർച്ചയിലൂടെ പഠിക്കാം

സുമതിയുടെ അച്ഛൻ ഓഫീസിൽ പോകാൻ തയ്യാറെടുക്കുകയാണ്. അപ്പോൾ...

അച്ഛാ! അച്ഛാ! ഇങ്ങോട്ട് നോക്കൂ.

എന്താണ് സുമതി?

മാലിന്യക്കൂമ്പാരത്തിൽ നിന്ന് ലഭിച്ച 45 പവൻ സ്വർണ്ണാഭരണങ്ങൾ പോലീസ് സ്റ്റേഷനിൽ ഏല്പിച്ച് ശുചീകരണ തൊഴിലാളിയായ പത്മ.

ചെന്നൈ, ജനുവരി 12, 2026:

ചെന്നൈ ടി. നഗറിൽ ശുചീകരണ ജോലി ചെയ്യുന്നതിനിടെ ഏകദേശം 45 പവൻ സ്വർണ്ണാഭരണങ്ങൾ അടങ്ങിയ ബാഗ് ലഭിച്ച പത്മ, അത് ഉടൻ തന്നെ പോലീസ് സ്റ്റേഷനിൽ ഏല്പിച്ച് തന്റെ സത്യസന്ധത തെളിയിച്ചു. ആഭരണങ്ങൾക്ക് ഏകദേശം 40 ലക്ഷം രൂപ വിലമതിക്കുമെന്ന് പറയപ്പെടുന്നു. പോലീസ് ഉദ്യോഗസ്ഥർ ആഭരണങ്ങൾ അതിന്റെ യഥാർത്ഥ ഉടമസ്ഥന് കൈമാറി. പത്മയുടെ ഈ പ്രവർത്തി എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

പത്മ എന്ന ശുചീകരണ തൊഴിലാളി തനിക്ക് ലഭിച്ച സ്വർണ്ണാഭരണങ്ങൾ പോലീസ് സ്റ്റേഷനിൽ നൽകിയിരിക്കുന്നു അച്ഛാ, കണ്ടെടുത്ത സാധനങ്ങൾ എന്തിനാണ് നിങ്ങളുടെ അടുത്ത് ഏൽപ്പിക്കുന്നത്?

കാണാതെ പോയ സാധനങ്ങൾ വീണ്ടെടുക്കുക എന്നത് ഞങ്ങളുടെ ജോലിയാണ്. ശുചീകരണ തൊഴിലാളി പത്മയെപ്പോലെ എല്ലാവരും സത്യസന്ധരായിരുന്നാൽ ഞങ്ങളുടെ ജോലി എളുപ്പമാകും.

നിങ്ങളുടെ മറ്റ് ജോലികളെക്കുറിച്ച് പറഞ്ഞുതരൂ അച്ഛാ?

പൊതുജനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഞങ്ങളുടെ പ്രധാന ജോലി. കൂടാതെ, അടിയന്തര സഹായം നൽകുക, പരാതികൾ പരിഹരിക്കുക തുടങ്ങിയ ചുമതലകളും ഞങ്ങൾക്കുണ്ട്. ശരി സുമതി, സമയമായി, ഞാൻ ഇറങ്ങട്ടെ.

ആരെയും ബോധ്യപ്പെടുത്താതെ ശരിയായ കാര്യം ചെയ്യുന്നതാണ് യഥാർത്ഥ സത്യസന്ധത.

റ്റാ.... റ്റാ.... അച്ഛാ!

തെരഞ്ഞെടുക്കാം

1. പോലീസുകാരുടെ സഹായം ആവശ്യമുള്ള സ്ഥലങ്ങൾക്ക് നേരെ (✓) അടയാളം ഇടുക.

2. താഴെ പറയുന്നവയിൽ പോലീസുകാരുടെ ജോലിയിൽ ഉൾപ്പെടാത്തത് ഏതെന്ന് കണ്ടെത്തി എഴുതുക.

അ) പൊതുജനങ്ങളെ സംരക്ഷിക്കുക ◯

ആ) ജനക്കൂട്ടത്തെ നിയന്ത്രിക്കുക ◯

ഇ) രാത്രികാല പട്രോളിംഗ് നടത്തുക ◯

ഈ) രോഗികളെ പരിശോധിക്കുക ◯

_____.

വരൂ എഴുതാം

കടങ്കഥ നിർമ്മിക്കാം.

1. എന്നെ വിളിക്കാൻ 101.
ഞാൻചുവന്ന നിറത്തിലായിരിക്കും. മണി അടിച്ചുകൊണ്ട് ഞാൻ വരും. തീ അണയ്ക്കാൻ ഞാൻ സഹായിക്കും.

2. എന്നെ വിളിക്കാൻ 108.

പഠനയാത്ര

1. സൂചനകൾ വായിച്ച് കോളങ്ങൾ പൂരിപ്പിക്കുക.

(വായനശാല, പാർക്ക്, അഗ്നിശമനനിലയം, പോലീസ് സ്റ്റേഷൻ, ആശുപത്രി)



ഇടത്തുനിന്ന് വലത്തോട്ട്

2. നിശബ്ദമായി വായിക്കുന്ന സ്ഥലം
3. 101 മായി ബന്ധപ്പെട്ട നിലയം
5. വിനോദം

മുകളിൽ നിന്ന് താഴേക്ക്

1. ചികിത്സ
4. പൊതുജനസംരക്ഷണം

2. വാമൊഴി ചോദ്യം

അടിയന്തര സഹായ നമ്പറുകൾ ഏത് സാഹചര്യത്തിലാണ് ഉപയോഗിക്കേണ്ടത്?

3. പ്രവർത്തന പദ്ധതി.

പോലീസിന്റെ മറ്റ് ചില ചുമതലകളെക്കുറിച്ച് വീട്ടിലുള്ളവരോട് ചോദിച്ചറിഞ്ഞ് എഴുതുക. അത് ക്ലാസ്റൂം ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുക.

ഞാൻ ചെയ്യും

1. ഭൂപടം ശ്രദ്ധിച്ചു നോക്കി ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.



1. ഭൂപടത്തിൽ സലീമിന്റെ വീട് കണ്ടെത്തി വട്ടമിടുക.

2. മേരിയുടെ അമ്മ ബാങ്കിലേക്ക് പോകുകയാണെങ്കിൽ, ഏതെല്ലാം കെട്ടിടങ്ങൾ കടന്നാണ് പോകേണ്ടത്?

_____

_____

3. രവി, സലീം, മേരി ഇവർ മൂന്നുപേരും വൈകുന്നേരം അവരവരുടെ വീട്ടിൽ നിന്ന് കളിസ്ഥലത്തേക്ക് പോകുന്നു. ആരാണ് ആദ്യം അവിടെ എത്തുന്നത്?

_____

4. സലീമിന്റെ വീട് സ്കൂളിൽ നിന്നും വളരെ ദൂരെയാണ്. ശരിയോ തെറ്റോ?

_____

5. റെയിൽവേ സ്റ്റേഷന് അടുത്തുള്ള വീട് ആരുടേതാണ്?

_____

6. സലീമിന്റെ അമ്മാവൻ ബസ് സ്റ്റാൻഡിൽ വന്നിറങ്ങി. പുറത്തുവന്ന ഉടൻ അദ്ദേഹം ആദ്യം കാണുന്ന കെട്ടിടം ഏതാണ്?

_____

2. വാമൊഴി ചോദ്യം

വായനശാല നമുക്ക് എങ്ങനെ പ്രയോജനപ്പെടുന്നു?

3. പ്രവർത്തന പദ്ധതി

1. നിങ്ങളുടെ വീടിന് ചുറ്റുമുള്ള പ്രധാന സ്ഥലങ്ങൾ ഭൂപടമായി വരച്ച് ക്ലാസ്സ്റൂം ആർട്ട് ഗാലറിയിൽ പ്രദർശിപ്പിക്കുക.

2. ഡോക്ടർ / പോലീസ് / അഗ്നിശമനസേനാംഗം / സാമൂഹിക പ്രവർത്തകർ എന്നിവരിൽ ആർക്കെങ്കിലും ഒരു നന്ദികാർഡ് തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

ഞാൻ പഠിച്ചവ

ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾക്ക് നേരെ (☆) നിറം നൽകുക.

1. വീടിനും സ്കൂളിനും അടുത്തുള്ള പ്രധാന സ്ഥലങ്ങൾ എനിക്ക് തിരിച്ചറിയാൻ കഴിയും. ☆
2. ഭൂപടങ്ങൾ നോക്കി വഴികൾ കണ്ടെത്താൻ എനിക്ക് സാധിക്കും. ☆
3. പ്രൈമറിഹെൽത്ത് സെന്റർ, വായനശാല, പോലീസ് സ്റ്റേഷൻ എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ലളിതമായ വാക്കുകളിൽ എനിക്ക് വിവരിക്കാൻ കഴിയും. ☆
4. അടിയന്തര സഹായ നമ്പറുകൾ ആവശ്യമായ സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ എനിക്കറിയാം. ☆

പഠനയാത്ര



തന്റെ കരുത്ത്, താൽപ്പര്യം, കഴിവുകൾ എന്നിവ തിരിച്ചറിഞ്ഞ് വിവരിക്കുക.

ചാർച്ചപ്പേരുകൾ മനസ്സിലാക്കി ബന്ധുക്കളുടെ പേരുകൾ പറയുക.

ക്ലാസ് മുറിയിലെ നിയമങ്ങൾ മനസ്സിലാക്കി അവ പിന്തുടരുക

ഭൂപടങ്ങൾ ഉപയോഗിച്ച് ചുറ്റുമുള്ള സ്ഥലങ്ങൾ കണ്ടെത്തുക.

അടിയന്തര സഹായ നമ്പറുകൾ ആവശ്യഘട്ടങ്ങളിൽ ഉപയോഗിക്കുക.

പ്രാഥമിക ആരോഗ്യ കേന്ദ്രം, ലൈബ്രറി, പോലീസ് സ്റ്റേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ ലളിതമായ വാക്കുകളിൽ വിവരിക്കുക

Standard 3 - Mathematics - Term - I Malayalam Mdeium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

V. Deepu,
Sec. Gr.Teacher,
P.U.P.S. Pandalur, Gudalur Block,
The Nilgris.

J. Aji,
Sec. Gr. Teacher,
G.H.S.S. Palukal,
Kanniyakumari District.

D. S. Mini,
BT Asst,
G.H.S. Puliyoorsalai,
Kanniyakumari District.

Digital Content Team

B. Magdalene Premalatha, BT Asst.,
Digital Content Coordinator
SCERT, Chennai.

K. Ramesh Kumar, BT Asst.,
GHS Chakkarapalli, Papanasam TK,
Thanjavur Dt.

S. Sindhiya, SGT,
PUPS Karappadi,
Pollachi North Block, Coimbatore Dt.

Art and Design Team

M. Amalraj,
Layout Co-ordinator
B.T. Asst., SCERT, Chennai.

M.A. Manikaraj Prabahar, Designer
V. Vinoth Kumar, Designer

Illustration

R. Rajesh

Wrapper Design

Kathir Arumugam

Standard 3 - Science - Term - I Malayalam Mdeium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

V.R. Sreeja,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084.

M. Abhilash,
Sec. Grade Teacher,
Kamaraj Memorial HSS,
Panthaluvilai,
Kanniyakumari Dist.

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

Digital Content Team

B. Magdalene Premalatha, BT Asst.,
Digital Content Coordinator
SCERT, Chennai.

K. Ramesh Kumar, BT Asst.,
GHS Chakkarapalli, Papanasam TK,
Thanjavur Dt.

S. Sindhiya, SGT,
PUPS Karappadi,
Pollachi North Block, Coimbatore Dt.

Art and Design Team

M. Amalraj,
Layout Co-ordinator,
B.T. Asst., SCERT, Chennai.

T.K. Poornachandran, Designer
K. Sinthuja, Designer

Illustration

B. Pramoth

Wrapper Design

Kathir Arumugam

Standard 3 - Social Science - Term - I Malayalam Mdeium

Textbook Development Team

Co-Ordinator

Dr. T. Jayagandhi,
Senior Lecturer,
Scert, Chennai - 600006.

List of Translators

R.N. Krishnan,
Sec. Grade Teacher,
Aided Primary School, Mottakkala,
Kanniyakumari Dist - 629152.

V. R. Sreeja,
Sec. Grade Teacher,
Kerala Vidyalayam Primary School,
PH Road, Chennai - 600084.

V. Deepu,
Sec. Gr.Teacher,
P.U.P.S. Pandalur, Gudalur Block,
The Nilgris.

Digital Content Team

B. Magdalene Premalatha, BT Asst.,
Digital Content Coordinator
SCERT, Chennai.

K. Ramesh Kumar, BT Asst.,
GHS Chakkarapalli, Papanasam TK,
Thanjavur Dt.

S. Sindhiya, SGT,
P.U.P.S. Karappadi,
Pollachi North Block, Coimbatore Dt.

Art and Design Team

M. Amalraj,
Layout Co-ordinator,
B.T. Asst., SCERT, Chennai.

V. Vinoth Kumar, Designer

T. K. Poornachandran, Designer

Illustration

B. Pramoth

Wrapper Design

Kathir Arumugam

This book has been printed on 80 G.S.M.
Elegant Maplitho paper.
Printed by offset at: